
TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
01-02




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 01.09.2025 TO 02.09.2025

## Appointment

- BCCI യുടെ ഇടക്കാല പ്രസിഡന്റായി ചുമതലയേൽക്കുന്നത്

  **രാജീവ് ശുക്ല**

  - റോജർ ബിന്നിയുടെ കാലാവധി കഴിയുന്നതിനെ തുടർന്നാണിത്

## Awards

**രമൺ മാഗ്സസെ പുരസ്കാരം 2025**

- **Foundation to Educate Girls Globally**
  - മാഗ്സസെ പുരസ്കാരം കിട്ടുന്ന ആദ്യ ഇന്ത്യൻ സംഘടന
  - 2007-ൽ രാജസ്ഥാനിൽ ആരംഭിച്ച സംഘടനയാണ് എജുക്കേറ്റ് ഗേൾസ് ഗ്ലോബലി
  - സഫീന ഹുസൈനാണ് ഇതു സ്ഥാപിച്ചത്.
  - സ്കൂൾ പഠനം ഇടയ്ക്കുവച്ചു നിർത്തേണ്ടിവന്ന വിദൂര ഗ്രാമങ്ങളിലെ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന സംഘടനയാണിത്
- **Shaahina Ali (മാലിദ്വീപ് )**
  - കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനായി ജീവിതം സമർപ്പിച്ച പരിസ്ഥിതിപ്രവർത്തക
- **Flaviano Antonio L. Villanueva (ഫിലിപ്പൈൻസ്)**
  - ഫിലിപ്പീൻസിലെ ദരിദ്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കത്തോലിക്കാ പുരോഹിതൻ
  - റോഡ്രിഗ്രോ ഡ്യൂടേർട് ഫിലിപ്പീൻസ് പ്രസിഡന്റായിരുന്ന കാലത്തെ ലഹരിവിരുദ്ധ നടപടികൾക്കിടെ യുവാക്കളെ പൊലീസ് കൊന്നൊടുക്കിയതിനെതിരെ പ്രതിഷേധിച്ചും അവർക്ക് അന്തസ്സോടെയുള്ള സംസ്കാരച്ചടങ്ങുകൾ ഉറപ്പാക്കിയും ശ്രദ്ധേയനായ വ്യക്തിയാണിദ്ദേഹം
  - ഫിലിപ്പീൻസ് പ്രസിഡണ്ട് രമൺ മാഗ്സസെയുടെ ഓർമ്മയ്ക്കായുള്ള പുരസ്കാരമാണിത്
  - 'ഏഷ്യയിലെ നോബൽ' എന്ന് അറിയപ്പെടുന്നു.

## Kerala

- **71-ാമത് നെഹ്റു ട്രോഫി**
  - ജേതാക്കൾ - **വീയപുരം ചുണ്ടൻ** (വി.ബി.സി കൈനകരിയാണ് തുഴഞ്ഞത്)
  - രണ്ടാം സ്ഥാനത്ത് - **നടുഭാഗം ചുണ്ടൻ** (പുന്നമട ബോട്ട് ക്ലബ് തുഴഞ്ഞു) .
  - മൂന്നാം സ്ഥാനത്ത് - **മേൽപ്പാടം ചുണ്ടൻ** (പള്ളാതുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞു)
  - ഭാഗ്യചിഹ്നം - **കാത്തു** (വള്ളം തുഴയുന്ന കാക്കത്തമ്പുരാട്ടി)

◆ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഇരട്ട തുരങ്കപാതയാകുന്നത്

**ആനക്കാംപൊയിൽ – കള്ളാടി-മേപ്പാടി പാത**

❖ നിർമ്മാണം പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ നീളം കൂടിയ മൂന്നാമത്തെ ഇരട്ട തുരങ്കപാതയായും ഇത് മാറും.

❖ നിർമ്മാണോദ്ഘാടനം – **പിണറായി വിജയൻ**

◆ പശ്ചിമഘട്ടത്തിൽ കണ്ടെത്തിയ പുതിയ ഇനം കിഴങ്ങ്

**ഡയോസ്കോറിയ ബാലകൃഷ്ണനി**

## National

◆ 35 വർഷങ്ങൾക്ക് ശേഷം തുറന്ന ശാരദ ഭവാനി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്

**ബുദ്ഗാം** (ജമ്മു & കാശ്മീർ)

◆ രാജ്യത്തെ ആദ്യ മൊബൈൽ ടെംപേട് ഗ്ലാസ് നിർമാണ ശാല ആരംഭിച്ചത്

**നോയിഡ** (ഉത്തർപ്രദേശ്)

## Sports

◆ 2025 ഡച്ച് ഗ്രാൻഡ്പ്രിക്സിൽ ജേതാവായത്

**ഓസ്ക്കാർ പിയാസ്ട്രി**

◆ 2025 വേൾഡ് അത്‌ലറ്റിക് ചാംപ്യൻഷിപ്പിനുള്ള ഇന്ത്യൻ സഖ്യത്തെ നയിക്കുന്നത്

**നീരജ് ചോപ്ര**

❖ വേദി – **ടോക്കിയോ** (ജപ്പാൻ)

❖ മലയാളികളായ അബ്ദുള്ള അബൂബക്കർ (ട്രിപ്പിൾ ജമ്പ്), എം. ശ്രീശങ്കർ (ലോങ്ങ് ജമ്പ്) എന്നിവർ ഇന്ത്യൻ സംഘത്തിലുണ്ട്.

## Today's MCQ

1. 2025 ആഗസ്റ്റിൽ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത്

(a) മഹേന്ദ്ര മോഹൻ ഗുപ്ത　　(b) എം.വി. ശ്രേയാംസ് കുമാർ

(c) എൻ.രവി　　(d) റിയാദ് മാത്യു

2. 2025 ആഗസ്റ്റിൽ കാനഡയിലെ ഇന്ത്യയുടെ ഹൈകമ്മീഷണറായി നിയമിതനായത്

(a) വിനയ് ക്വാത്ര　　(b) വിനയ് കുമാർ

(c) ജെ.പി. സിംഗ്　　(d) ദിനേശ് കെ പട്നായിക്

**Ans : 1 (a), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
03



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 03.09.2025

## Kerala

- ഡിജിറ്റൽ ഗവേർണൻസിൽ ജനങ്ങൾ നേരിടുന്ന തടസങ്ങൾ പരിഹരിച്ച് സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതി

  **നമ്മുടെ കേരളം ഡിജിറ്റൽ കേരളം പദ്ധതി**

- കേരളത്തിൽനിന്ന് ആദ്യമായി ഉഗാണ്ടയിലേക്ക് കയറ്റുമതി ചെയ്യുന്ന കുരുമുളക് തൈ ഇനങ്ങൾ

  **കരിമുണ്ട, പന്നിയൂർ 1**

  - ആലപ്പുഴ ഭരണിക്കാവ് സഹകരണ ബാങ്കാണ് ഇതിന് സംവിധാനം ഒരുക്കുന്നത്.

## National

- ഇന്ത്യയിൽ 2024-25 വർഷത്തിൽ സമുദ്രോൽപാദന കയറ്റുമതിയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം

  **ആന്ധ്രാപ്രദേശ്**

  - രണ്ടാം സ്ഥാനത്ത് - **തമിഴ്നാട്**
  - മൂന്നാം സ്ഥാനത്ത് - **കേരളം**
  - വിശാഖപട്ടണം (31.52%), നവി മുംബൈയിലെ ജെഎൻപിടി (10.81%), കൊച്ചി (9.70%), ചെന്നൈ (7.75%), കൊൽക്കത്ത (7.49%) എന്നിങ്ങനെയാണ് രാജ്യത്തെ തുറമുഖങ്ങളിൽ നിന്നുള്ള കയറ്റുമതി.

- 216 മണിക്കൂർ തുടർച്ചയായി ഭരതനാട്യം നൃത്തം അവതരിപ്പിച്ചുകൊണ്ട് ഗോൾഡൻ ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ ഇടംനേടിയ കലാകാരി

  **വിദുഷി വി. ദീക്ഷ**

  - കർണാടക ഉടുപ്പി സ്വദേശിനിയാണ് വിദുഷി

- ആദിവാസി ഭാഷകൾ വിവർത്തനം ചെയ്യാൻ ഗവൺമെന്റ് ഒരുക്കുന്ന ഭാഷ വിവർത്തന ആപ്ലിക്കേഷൻ

  **ആദി വാണി**

  - വിദൂര പ്രദേശങ്ങളിലെ ആദിവാസി സമൂഹങ്ങൾക്കുള്ള ആശയവിനിമയ വിടവുകൾ നികത്താനും ആദിവാസി യുവാക്കളെ ഡിജിറ്റലായി ശാക്തീകരിക്കാനും ഇത് സഹായിക്കും.
  - ഇന്ത്യയിലെ ആദ്യ എ.ഐ. ഗോത്ര ഭാഷ ട്രാൻസ്ലേറ്റർ

## International

- അടുത്തിടെ 800 പേരോളം ആളുകളുടെ മരണത്തിന് കാരണമായ ഭൂകമ്പം ഉണ്ടായത്

  **അഫ്ഗാനിസ്ഥാൻ**

  - 6.0 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമാണ് ഉണ്ടായത്

- ആഗോള സമാധാന സൂചിക 2025-ൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

**ഐസ്‌ലാൻഡ്**

  - രണ്ടാം സ്ഥാനത്ത് - **അയർലൻഡ്**
  - മൂന്നാം സ്ഥാനത്ത് - **ന്യൂസിലാൻഡ്**
  - ഇന്ത്യയുടെ സ്ഥാനം - **115**
  - ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എക്കണോമിക്സ് & പീസ് ആണ് റിപ്പോർട്ട് പുറത്തിറക്കുന്നത്

## Sports

- **വേൾഡ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് 2025**
  - പുരുഷ സിംഗിൾസ് - **Shi Yu Qi** (ചൈന)
  - വനിതാ സിംഗിൾസ് - **Akane Yamaguchi** (ജപ്പാൻ)
  - പുരുഷ ഡബിൾസ് - **Kim Won Ho & Seo Seung Jae** (ദക്ഷിണ കൊറിയ)

    (ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി & ചിരാഗ് ഷെട്ടി സഖ്യം വെങ്കലം നേടി)
  - വനിതാ ഡബിൾസ് - **Liu Sheng Shu & Tan Ning** (ചൈന)
  - മിക്സഡ് ഡബിൾസ് - **Chen Tang Jie & Toh Ee Wei** (മലേഷ്യ)
- ഐ.സി.സി. വനിതാ ഏകദിന ലോകകപ്പ് ചാമ്പ്യന്മാരുടെ പുതുക്കിയ സമ്മാനത്തുക

**39.55 കോടി രൂപ**

  - 11.65 കോടി രൂപയിൽ നിന്ന് 39.55 കോടി രൂപയായി വർദ്ധിച്ചു
- 2026 വേൾഡ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ വേദി

**ന്യൂഡൽഹി**

## Today's MCQ

1. 2025 വേൾഡ് അത്‌ലറ്റിക് ചാംപ്യൻഷിപ്പിനുള്ള ഇന്ത്യൻ സഖ്യത്തെ നയിക്കുന്നത്

   (a) അനിമേഷ് കുജൂർ (b) നീരജ് ചോപ്ര

   (c) അന്നു റാണി (d) ഗുൽവീർ സിംഗ്

2. 35 വർഷങ്ങൾക്ക് ശേഷം തുറന്ന ശാരദ ഭവാനി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്

   (a) പഹൽഗാം (b) ബദ്രിനാഥ്

   (c) ബുദ്ഗാം (d) പാട്ന

**Ans : 1 (b), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
04-05



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- 2025-26 കാലയളവിലേക്കുള്ള ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത്

  **കരുണേഷ് ബജാജ്**

  - ഡെപ്യൂട്ടി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത് - **മോഹിത് ജെയിൻ**
- അടുത്തിടെ എക്സ്പെൻഡിച്ചർ വകുപ്പിൽ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് പദവിയിൽ ചുമതലയേറ്റത്

  **ടി.സി.എ കല്യാണി**
- 2025 സെപ്റ്റംബറിൽ യു.എ.ഇ.യിൽ ഇന്ത്യയുടെ അംബാസഡറായി നിയമിതനായത്

  **ദീപക് മിത്തൽ**

  - യു.എ.ഇ.യിലെ നിലവിലെ അംബാസഡർ സഞ്ജയ് സുധീറിന്റെ പിൻഗാമിയായി അദ്ദേഹം നിയമിതനാകും
  - 2020 നും 2022 നും ഇടയിൽ ഖത്തറിലെ ഇന്ത്യയുടെ അംബാസഡറായും അദ്ദേഹം സേവന മനുഷ്ഠിച്ചു.
- റിപ്പബ്ലിക് ഓഫ് സീഷെൽസിലെ അടുത്ത ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയമിതനായത്

  **രോഹിത് രതീഷ്**

## Kerala

- വനമേഖലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി വനംവകുപ്പ് രൂപീകരിക്കുന്ന ബോർഡ്

  **കേരള വനം ഇക്കോ ടൂറിസം വികസന ബോർഡ്**

  - വനമേഖലയിലെ ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട സംഘടനകൾ, കടുവാ സംരക്ഷണ ഫൗണ്ടേഷൻ, വനം വികസന ഏജൻസികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ തുടങ്ങിയവയെല്ലാം പുതിയ ബോർഡിന് കീഴിലാകും
- സഹകരണ മേഖലയിലെ ബാങ്ക് ലയനത്തിന്റെ ഭാഗമായി സംസ്ഥാന കാർഷിക ഗ്രാമീണ വികസന ബാങ്കുമായി ലയിക്കുന്ന ബാങ്ക്

  **കേരള ബാങ്ക്**

  - കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് നിലവിൽ വന്ന ബാങ്ക് ആണ് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക്

## National

- സെമികോൺ 2025-ന്റെ വേദി

  **ന്യൂഡൽഹി**

  - സെമികോൺ 2025-ന്റെ പ്രമേയം - **Building the Next Semiconductor Powerhouse**
  - ഐഎസ്ആർഒയുടെ സെമികണ്ടക്ടർ ലബോറട്ടറി വികസിപ്പിച്ചെടുത്ത വിക്രം 32 ബിറ്റ് പ്രോസസർ ഉൾപ്പെടെയുള്ള രാജ്യത്തെ ആദ്യത്തെ മെയ്ഡ് ഇൻ ഇന്ത്യ ചിപ്പുകൾ അവതരിപ്പിച്ചു.

- **56-ാമത് ജി.എസ്.ടി കൗൺസിൽ**
  - അധ്യക്ഷ - **നിർമ്മല സീതാരാമൻ** (കേന്ദ്ര ധനകാര്യ, കോർപ്പറേറ്റ്കാര്യ മന്ത്രി)
  - വേദി - **ന്യൂഡൽഹി** (2025 സെപ്റ്റംബർ)
  - 5%, 12%, 18%, 28% എന്നീ നാല് തലങ്ങളിലുള്ള നികുതി ഘടനയ്ക്ക് പകരം 5% മെറിറ്റ് നിരക്ക്, 18% സ്റ്റാൻഡേർഡ് നിരക്ക് എന്നിങ്ങനെ രണ്ട് തലങ്ങളിലുള്ള നികുതി നിരക്ക് ഘടനയും അതിനു പുറമെ തിരഞ്ഞെടുത്ത കുറച്ച് സാധനങ്ങൾക്കും സേവനങ്ങൾക്കും 40% എന്ന പ്രത്യേക ഡീമെറിറ്റ് നിരക്കിനും ജി.എസ്.ടി കൗൺസിൽ അംഗീകാരം നൽകി
  - അതായത് പുകയില, ആഡംബര വസ്തുക്കൾ എന്നിവയുൾപ്പെടെ തിരഞ്ഞെടുത്ത ഇനങ്ങൾക്ക് 40% എന്ന പ്രത്യേക ഡീമെറിറ്റ് നിരക്ക്
  - 55-ാമത് ജി.എസ്.ടി കൗൺസിൽ വേദി - **ജയ്സാൽമിർ**

## International

- അടുത്തിടെ പി.സി.പി. സാങ്കേതികവിദ്യ കൈമാറ്റത്തിന് ഇന്ത്യയുമായി കരാർ ഒപ്പുവച്ച രാജ്യം

  **യു.എസ്.എ.**
  - ആണവ റിയാക്ടറുകൾക്ക് അനിവാര്യമായ പ്രൈമറി കൂളന്റ് പമ്പുകൾ (പി.സി.പി.) ഇന്ത്യയിൽ നിർമ്മിക്കുന്നതിനുള്ള കരാർ യുഎസിലെ ഫ്ളോസെർവ് കോർപ്പറേഷനും ഇന്ത്യൻ കമ്പനിയായ കോർ എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡും ഒപ്പിട്ടു.
  - ഇന്ത്യ യു.എസ് സൈനികേതര ആണവ സഹകരണ രൂപരേഖയ്ക്ക് കീഴിൽ ഒപ്പുവയ്ക്കുന്ന ആദ്യ സാങ്കേതികവിദ്യ കൈമാറ്റ കരാർ ആണിത്.

## Demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച ചിന്മയ വിദ്യാപീഠം സ്ഥാപക ഡയറക്ടർ

  **കാമാക്ഷി ബാലകൃഷ്ണൻ**
- 2025 സെപ്റ്റംബറിൽ അന്തരിച്ച കേരളത്തിലെ ആദ്യ വനിത ഫോറൻസിക് സർജൻ

  **ഷെർലി വാസു**
- 2025 സെപ്റ്റംബറിൽ അന്തരിച്ച വിഖ്യാത ഇറ്റാലിയൻ ഫാഷൻ ഡിസൈനർ

  **ജോർജിയോ അർമാനി**
  - അർമാനി ഗ്രൂപ്പ് സ്ഥാപകനാണ് അദ്ദേഹം
  - 1975 സെർഗിയോ ഗലിയോട്ടിയുമായി ചേർന്നാണ് മിലാനിൽ ഫാഷൻ ഹൗസ് തുടങ്ങുന്നത്

## Today's MCQ

1. ഇന്ത്യയിൽ 2024-25 വർഷത്തിൽ സമുദ്രോൽപാദന കയറ്റുമതിയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം

   (a) ആന്ധ്രാപ്രദേശ് (b) തമിഴ്നാട് (c) കേരളം (d) ഗുജറാത്ത്
2. ആഗോള സമാധാന സൂചിക 2025-ൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

   (a) അയർലൻഡ് (b) ന്യൂസിലാൻഡ് (c) സ്വീഡൻ (d) ഐസ്ലാൻഡ്

   **Ans: 1. (a) 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
06-07




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 06.09.2025 to 07.09.2025

## Books & Authors

- ടർഫ് ബാറ്റിൽസ്' എന്ന പുസ്തകം രചിച്ചത്

  **കെ. അറുമുഖം** (ഹോക്കി ചരിത്രകാരൻ)

- Operation Sindoor: The Untold Story of India's Deep Strikes Inside Pakistan, എന്ന പുസ്തകം രചിച്ചത്

  **Lt. Gen. K.J.S. Dhillon** (Retd)

## Kerala

- **അയ്യങ്കാളി ജലോത്സവം**
  - ഒന്നാം തരം വള്ളങ്ങളുടെ മത്സരത്തിൽ ഒന്നാമത് - **കാക്കാമൂല ബ്രദേഴ്സ്**
  - രണ്ടാം തരം വള്ളങ്ങളുടെ വിഭാഗത്തിൽ ഒന്നാമത് - **ബ്ലൂ ബേർഡ്സ് കാക്കാമൂല**
  - മൂന്നാം തരം വള്ളങ്ങളുടെ വിഭാഗത്തിൽ ഒന്നാമത് - **കാക്കാമൂല പടക്കുതിര**

## National

- അടുത്തിടെ തമിഴ്നാട് സർക്കാർ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചത്

  **ഏലത്തൂർ തടാകം**
  - തമിഴ്നാടിന്റെ മൂന്നാമത് ജൈവവൈവിധ്യ കേന്ദ്രം (അരിട്ടപ്പട്ടി, കാസംപട്ടി എന്നിവയാണ് മറ്റുള്ളവ)
- 2025 സെപ്റ്റംബറിൽ 200-ാമത് ജന്മവാർഷികം ആചരിക്കപ്പെട്ട ഇന്ത്യൻ സ്വാതന്ത്ര സമര സേനാനി

  **ദാദാഭായ് നവറോജി**
  - ഇന്ത്യൻ സാമ്പത്തിക ശാസ്ത്രത്തിന്റേയും രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെയും പിതാവ്
  - ഇന്ത്യയുടെ വന്ദ്യവയോധികൻ
  - ഇന്ത്യയുടെ ദേശീയ വരുമാനവും പ്രതിശീർഷ വരുമാനവും ആദ്യമായി കണക്കാക്കി
  - 'സ്വരാജ്' എന്ന പദം ആദ്യമായി ഉപയോഗിച്ചു കോൺഗ്രസ്സിന് ആ പേര് നിർദ്ദേശിച്ച വ്യക്തി
  - സാമ്പത്തിക ചോർച്ചാ സിദ്ധാന്തം ആവിഷ്കരിച്ചു
- 2023-ലെ സാംപിൾ രജിസ്ട്രേഷൻ സിസ്റ്റം റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കുള്ള സംസ്ഥാനം

  **മണിപ്പൂർ (3)**

  (വലിയ സംസ്ഥാനങ്ങളിൽ - **കേരളം** (5))
  - 2023-ലെ കണക്കു പ്രകാരം വലിയ സംസ്ഥാനം/കേന്ദ്രഭരണ പ്രദേശങ്ങളിൽ ഏറ്റവും ഉയർന്ന ജനനനിരക്കുള്ള സംസ്ഥാനം - **ബീഹാർ**
  - 2023-ലെ കണക്കു പ്രകാരം വലിയ സംസ്ഥാനം/കേന്ദ്രഭരണ പ്രദേശങ്ങളിൽ ഏറ്റവും ഉയർന്ന മരണനിരക്കുള്ള സംസ്ഥാനം - **ഛത്തീസ്ഗഢ്** (8.3)

## International

- ലോകത്ത് ആദ്യമായി പന്നിയുടെ ശ്വാസകോശം മനുഷ്യനിൽ വച്ചു പിടിപ്പിച്ചത്

  **ചൈന**

  - ലോകത്ത് ആദ്യമായി പന്നിയുടെ ഹൃദയം മനുഷ്യനിൽ വച്ച് വച്ചു പിടിപ്പിച്ചത് - **അമേരിക്ക**

## Sports

- **കേരള ക്രിക്കറ്റ് ലീഗ് 2025**
  - ജേതാക്കൾ - **കൊച്ചി ബ്ലൂ ടൈഗേഴ്സ്**
  - റണ്ണറപ്പ് - **ഏരീസ് കൊല്ലം സെയിലേഴ്സ്**
  - ഫൈനലിലെ താരം - **വിനൂപ് മനോഹരൻ**
  - ടൂർണമെന്റിലെ താരം - **അഖിൽ സ്കറിയ**
  - കൂടുതൽ റൺസ് - **കൃഷ്ണ പ്രസാദ്**
  - കൂടുതൽ വിക്കറ്റ് - **അഖിൽ സ്കറിയ**
  - ഭാഗ്യചിഹ്നം - **ബാറ്റേന്തിയ കൊമ്പൻ** (വീരു), **മലമുഴക്കി വേഴാമ്പൽ** (ചാരു), **ചാക്യാർ**
- **പുരുഷ ഏഷ്യാകപ്പ് ഹോക്കി 2025**
  - ജേതാക്കൾ - **ഇന്ത്യ**
  - ഇന്ത്യയുടെ നാലാം കിരീടം (2003, 2007, 2017)
  - റണ്ണറപ്പ് - **ദക്ഷിണ കൊറിയ**
  - വേദി - **ബീഹാർ** (രാജ്ഗിർ )
  - ഭാഗ്യ ചിഹ്നം - **ചാന്ദ്** ( കടുവ )
- 11th Asian Aquatics Championship 2025 ന്റെ ഭാഗ്യചിഹ്നം

  **ജൽവീർ**

  - വേദി - **അഹമ്മദാബാദ്**

## Today's MCQ

1. 2025-26 കാലയളവിലേക്കുള്ള ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത്

   (a) രോഹിത് രതീഷ് (b) കരുണേഷ് ബജാജ്

   (c) സഞ്ജയ് സുധീർ (d) രോഹിത് ജെയിൻ

2. സഹകരണ മേഖലയിലെ ബാങ്ക് ലയനത്തിന്റെ ഭാഗമായി സംസ്ഥാന കാർഷിക ഗ്രാമീണ വികസന ബാങ്കുമായി ലയിക്കുന്ന ബാങ്ക്

   (a) കേരള ബാങ്ക് (b) യെസ് ബാങ്ക്

   (c) കാനറ ബാങ്ക് (d) യൂണിയൻ ബാങ്ക്


**Ans: 1. (b) 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
08-09



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 08.09.2025 to 09.09.2025

## Appointment

- 2025 സെപ്റ്റംബറിൽ നാസയിൽ അസോസിയേറ്റ് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ഇന്ത്യൻ വംശജൻ

  **അമിത് ക്ഷത്രിയ**

- 2025 സെപ്റ്റംബറിൽ ബ്രിട്ടീഷ് ഉപപ്രധാനമന്ത്രിയായി നിയമിതനായത്

  **ഡേവിഡ് ലാമി**

  - നികുതി വിവാദത്തെ തുടർന്ന് ബ്രിട്ടീഷ് ഉപപ്രധാനമന്ത്രി ആഞ്ചല റെയ്നർ രാജിവച്ചതിനെ തുടർന്നാണ് ഡേവിഡ് ലാമി അധികാരം ഏൽക്കുന്നത്

- 2025 സെപ്റ്റംബറിൽ ഫ്രാൻസ് പ്രധാനമന്ത്രിയായി നിയമിതനായത്

  **Sebastien Lecornu**

  - അവിശ്വാസ വോട്ടെടുപ്പിൽ മുൻ പ്രധാനമന്ത്രി ഫ്രാങ്കോയിസ് ബെയ്റൂ നീക്കം ചെയ്യപ്പെട്ടതിനെ തുടർന്നാണ് ഈ നിയമനം

## Kerala

- മനുഷ്യരിലും മൃഗങ്ങളിലും നിപ വൈറസ് ബാധ കണ്ടെത്താൻ സഹായിക്കുന്ന സ്യൂഡോവൈറസ് പരിശോധനാ സംവിധാനം വികസിപ്പിച്ചത്

  **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, തോന്നയ്ക്കൽ**

## Awards

- ടാക്സ് ഇന്ത്യ ഓൺലൈനിന്റെ നാഷണൽ ടാക്സേഷൻ അവാർഡ് 2025-ൽ റിഫോമിസ്റ്റ് സ്റ്റേറ്റ് വിഭാഗത്തിൽ വെള്ളി നേടിയ സംസ്ഥാനം

  **കേരളം**

  - നികുതി ദായക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഫലപ്രദമായ നികുതിപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും നടത്തിയ മികച്ച പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് പുരസ്കാരം ലഭിച്ചത്

## Book and Author

- 'കീളുവാരങ്ങൾ' എന്ന ബുക്ക് എഴുതിയത്

  **മനീഷ് മുഴക്കുന്ന്**

## International

- 2025 സെപ്റ്റംബറിൽ രാജിവച്ച ജപ്പാൻ പ്രധാനമന്ത്രി

  **ഷിഗെരു ഇഷിബ**

- 80 വർഷങ്ങൾക്കു മുമ്പ് നാസികൾ കവർന്ന Giuseppe Ghislandi യുടെ ചിത്രം കണ്ടെത്തപ്പെട്ട രാജ്യം

  **അർജന്റീന**

  - 50000 U.S. ഡോളറാണ് പെയിന്റിങ് മതിപ്പ് വില

## Space

- 2025 സെപ്റ്റംബറിൽ ദൃശ്യമായ ചന്ദ്രഗ്രഹണം

  **രക്ത ചന്ദ്രഗ്രഹണം**

## Science and Technology

- അടുത്തിടെ പശ്ചിമഘട്ടത്തിലെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് കണ്ടെത്തിയ കാട്ടുചോല തുമ്പി വർഗ്ഗം

  **ക്രോക്കോത്തെമിസ് എറിത്രിയ**

  - കേരളത്തിൽ ചിന്നാർ, പാമ്പാടുംചോല, ആനമുടിച്ചോല, രാജകുമാരി, വാഗമൺ, പറമ്പിക്കുളം എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ ആണ് ഈ തുമ്പിയുള്ളത്.

- കാൻസർ രോഗത്തെ പ്രതിരോധിക്കാനായി എന്ററോമിക്സ് വാക്സിൻ വികസിപ്പിച്ച രാജ്യം

  **റഷ്യ**

  - വാക്സിന്റെ ആദ്യഘട്ട പരീക്ഷണം വിജയകരമായി പൂർത്തീകരിച്ചു

## Sports

- **യു. എസ്.ഓപ്പൺ 2025**
  - പുരുഷ സിംഗിൾസ് - **കാർലോസ് അൽകാരസ്** (സ്പെയിൻ)
    (റണ്ണറപ്പ് - ജാനിക് സിന്നർ (ഇറ്റലി))
  - വനിത സിംഗിൾസ് - **ആര്യന സബലെങ്ക** (ബെലാറസ്)
    (റണ്ണറപ്പ് - അമാൻഡ അനിസിമോവ (യു.എസ്.എ.))
  - പുരുഷ ഡബിൾസ് - **Marcel Granollers** (സ്പെയിൻ) &
    **Horacio Zeballos** (അർജന്റീന)
  - വനിതാ ഡബിൾസ് - **Gabriela Dabrowski** (കാനഡ) **& Erin Routliffe** (ന്യൂസിലന്റ്)
  - മിക്സഡ് ഡബിൾസ് - **Sara Errani** (ഇറ്റലി) **& Andrea Vavassori** (ഇറ്റലി)

- വേൾഡ് യൂത്ത് സ്ക്രാബിൾ ചാമ്പ്യൻഷിപ്പ് കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരം

  **മാധവ് ഗോപാൽ കാമത്ത്**

  - മലേഷ്യയിലെ ക്വാലാലംപൂരിൽ നടന്ന വേൾഡ് യൂത്ത് സ്ക്രാബിൾ ചാമ്പ്യൻഷിപ്പ് 2025 ലാണ് ഈ നേട്ടം കൈവരിച്ചത്

- 2025 ഇറ്റാലിയൻ ഫോർമുല വൺ ഗ്രാൻഡ് പ്രിക്സിൽ ജേതാവായത്

  **മാക്സ് വെസ്റ്റപ്പൻ**

## Demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച ബ്രിട്ടീഷ് ഗായകൻ

**റിക്ക് ഡേവീസ്**

  - സൂപ്പർട്രാമ്പ് സഹസ്ഥാപകനും ഗായകനുമാണ് അദ്ദേഹം

## Today's MCQ

1. 2023-ലെ സാംപിൾ രജിസ്ട്രേഷൻ സിസ്റ്റം റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കുള്ള സംസ്ഥാനം

   (a) കേരളം (b) ബീഹാർ

   (c) മണിപ്പൂർ (d) ഛത്തീസ്ഗഢ്

2. ലോകത്ത് ആദ്യമായി പന്നിയുടെ ശ്വാസകോശം മനുഷ്യനിൽ വച്ചു പിടിപ്പിച്ചത്

   (a) ചൈന (b) റഷ്യ

   (c) അമേരിക്ക (d) ജപ്പാൻ


**Ans: 1. (c) 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
10-11



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 10.09.2025 to 11.09.2025

## Appointment

- ഇന്ത്യയുടെ 15-ാമത് ഉപരാഷ്ട്രപതി

  **സി.പി.രാധാകൃഷ്ണൻ**

  - പ്രതിപക്ഷ സ്ഥാനാർഥിയായി സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് ബി.സുദർശൻ റെഡ്ഡിയാണ് മത്സരിച്ചത്.

## Kerala

- പ്ലാസ്റ്റിക് കുപ്പിയിലെ മദ്യത്തിന് ഈടാക്കുന്ന അധിക തുക

  **20 രൂപ**

  - പ്ലാസ്റ്റിക് കുപ്പി മാലിന്യം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് കുപ്പിയിലുള്ള മദ്യത്തിന് 20 രൂപ അധികം നൽകേണ്ടിവരും. കുപ്പിതിരിച്ച് ഏൽപ്പിച്ചാൽ മാത്രം 20 രൂപ തിരികെ കിട്ടും.
  - ആദ്യഘട്ടം കണ്ണൂർ തിരുവനന്തപുരം എന്നീ ജില്ലകളിൽ നടപ്പിലാക്കും

- **2025 ആറന്മുള ഉതൃട്ടാതി വള്ളംകളി**

  - എ വിഭാഗത്തിൽ വിജയിച്ചത് - **മേലുകര പള്ളിയോടം**
  - ബി വിഭാഗത്തിൽ വിജയിച്ചത് - **കൊറ്റാത്തൂർ-കൈതക്കോടി പള്ളിയോടം**

- ഗവൺമെന്റ് അംഗീകൃത ലൈസൻസോ അധികാര പത്രമോ ഇല്ലാതെ പണം അമിത പലിശയ്ക്ക് കൊടുക്കുന്നവരെ ലക്ഷ്യമിട്ട് അടുത്തിടെ പോലീസ് നടത്തിയ പരിശോധന

  **ഓപ്പറേഷൻ ഷൈലോക്**

  - അനധികൃത പലിശ ഇടപാടുകളിലൂടെ സമ്പാദിച്ച 39 ലക്ഷത്തോളം രൂപ പിടികൂടി

## Award

- 2025-ൽ സ്വദേശ് സമ്മാൻ അവാർഡ് നേടിയ കേരള സർക്കാരിന്റെ ഉടമസ്ഥയിലുള്ള പൊതുമേഖലാ സ്ഥാപനം

  **KSFE**

  - KSFE - **Kerala State Financial Enterprises**

## National

- അടുത്തിടെ തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രങ്ങൾക്ക് പകരം ബാലറ്റ് പേപ്പർ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ച സംസ്ഥാനം

  **കർണാടക**

  - കർണാടക മുഖ്യമന്ത്രി - **സിദ്ധരാമയ്യ**

## International

- റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുട്ടിന്റെ ജീവിത കഥ ആസ്പദമാക്കി The Wizard of the Kremlin എന്ന ചലച്ചിത്രം സംവിധാനം ചെയ്തത്

  **ഒലിവർ അസായസ്**

- അടുത്തിടെ പ്രതിരോധ വകുപ്പിന്റെ പേര് യുദ്ധ വകുപ്പ് എന്നാക്കിയ രാജ്യം

  **യു.എസ്.എ**

  - യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതിരോധ വകുപ്പിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസ്) പേര് യുദ്ധ വകുപ്പ് (ഡിപ്പാർട്ട്മെന്റ് ഓഫ് വാർ) എന്ന് മാറ്റി

- 2025 അന്താരാഷ്ട്ര സാക്ഷരതാ ദിനത്തിന്റെ പ്രമേയം

  **Promoting literacy in the digital era**

  - അന്താരാഷ്ട്ര സാക്ഷരതാ ദിനം – **സെപ്റ്റംബർ 8**

- അടുത്തിടെ Gen Z വിപ്ലവം ആരംഭിച്ച രാജ്യം

  **നേപ്പാൾ**

  - സാമൂഹിക മാധ്യമങ്ങൾ നിരോധിച്ചതിന്റെ പേരിൽ Gen Z വിപ്ലവം എന്ന പേരിൽ യുവാക്കൾ ഭരണവിരുദ്ധ പ്രക്ഷോഭം നേപ്പാളിൽ ആരംഭിച്ചു
  - നേപ്പാളിൽ പ്രതിഷേധം അക്രമാസക്തമായതിനെ തുടർന്ന് കെ പി ശർമ്മ ഒലി പ്രധാനമന്ത്രി സ്ഥാനം രാജിവച്ചു

## Space

- 2025 സെപ്റ്റംബറിൽ ഒഫെക് 19 എന്ന സൈനിക നിരീക്ഷണ ഉപഗ്രഹം വിക്ഷേപിച്ച രാജ്യം

  **ഇസ്രായേൽ**

  - ഇസ്രായേൽ എയ്റോസ്പേസ് ഇൻഡസ്ട്രീസാണ് ഒഫെക് 19 ഉപഗ്രഹം നിർമ്മിച്ചത്.

## Today's MCQ

1. 2025 സെപ്റ്റംബറിൽ നാസയിൽ അസോസിയേറ്റ് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ഇന്ത്യൻ വംശജൻ

   (a) നീലാ രാജേന്ദ്രൻ　　(b) അമിത് ക്ഷത്രിയ

   (c) തുഷാർ ഷാ　　(d) ജാൻവി ദംഗേതി

2. അടുത്തിടെ പശ്ചിമഘട്ടത്തിലെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് കണ്ടെത്തിയ ക്രോക്കോത്തെമിസ് എറിത്രിയ ഏതിനം ജീവിയാണ് ?

   (a) തുമ്പി　　(b) തവള

   (c) പാമ്പ്　　(d) അണ്ണാൻ


**Ans: 1. (b)  2. (a)**

# TALENT PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September 12-13




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 12.09.2025 to 13.09.2025

## Appointment

- **ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് 2025**
  - വിജ്ഞാപനം വന്നത് - **2025 ഓഗസ്റ്റ് 7**
  - തിരഞ്ഞെടുപ്പും വോട്ടെണ്ണലും - **2025 സെപ്റ്റംബർ 9**
  - ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ റിട്ടേർണിംഗ് ഓഫീസർ - **പി. സി. മോദി** (സെക്രട്ടറി ജനറൽ രാജ്യസഭ)
  - ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടത് - **സി.പി. രാധാകൃഷ്ണൻ** (ചന്ദ്രപുരം പൊന്നുസാമി രാധാകൃഷ്ണൻ)
  - ഇന്ത്യയുടെ ഉപരാഷ്ട്രപതിയാകുന്ന 15-ാമത് വ്യക്തി
    (തവണകൾ നോക്കുമ്പോൾ 17-ാമത് ഉപരാഷ്ട്രപതി. എസ് രാധാകൃഷ്ണൻ, ഹമീദ് അൻസാരി എന്നിവർ രണ്ടു തവണ ഉപരാഷ്ട്രപതി ആയിട്ടുണ്ട് )
  - മഹാരാഷ്ട്ര ഗവർണർ ആയിരിക്കെയാണ് ഉപരാഷ്ട്രപതി സ്ഥാനത്ത് എത്തിയത്
  - തമിഴ്നാട് സ്വദേശി
  - 2023-24 കാലഘട്ടം ജാർഖണ്ഡ് ഗവർണർ
  - 2024-ൽ തെലങ്കാന ഗവർണർ (അധിക ചുമതല)
  - 2024 -ൽ പുതുച്ചേരി ലഫ്. ഗവർണർ (അധിക ചുമതല)
  - 1998 &1999-ൽ കോയമ്പത്തൂരിൽ നിന്നും ഉള്ള ലോകസഭാംഗം
  - എതിർ സ്ഥാനാർത്ഥി - **ജസ്റ്റിസ് ബി. സുദർശൻ റെഡ്ഡി**
  - പാർലമെന്റ് മന്ദിരത്തിലെ എഫ് 101 (വസുധ) മുറിയിലാണ് വോട്ടെടുപ്പ് നടന്നത്
  - ഇലക്ടറൽ കോളേജിൽ നിലവിൽ 781 എംപിമാർ
  - ആകെ 767 വോട്ടുകളാണ് പോൾ ചെയ്തത്
  - രാധാകൃഷ്ണൻ 452 വോട്ടുകളാണ് നേടിയത്
  - ജസ്റ്റിസ് സുദർശൻ റെഡ്ഡിക്ക് 300 വോട്ടുകളാണ് ലഭിച്ചത്
  - 15 വോട്ടുകൾ അസാധു
  - 152 വോട്ടുകളുടെ ഭൂരിപക്ഷം

## Kerala

- കേരള അർബൻ കോൺക്ലേവ് 2025 ന്റെ വേദി
  **കൊച്ചി**
  - തദ്ദേശ സ്വയംഭരണ വകുപ്പാണ് സംഘടിപ്പിക്കുന്നത്
  - സമഗ്ര നഗര നയം രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം
    **കേരളം**

## Awards

- **സ്വച്ഛ് വായു സർവേക്ഷൻ അവാർഡ് 2025**
  - 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളുടെ വിഭാഗത്തിൽ ഒന്നാമത്

    **ഇൻഡോർ** (മധ്യപ്രദേശ്)
  - 3 ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയിൽ ജനസംഖ്യയുള്ള നഗരങ്ങളുടെ വിഭാഗത്തിൽ ഒന്നാമത്

    **അംരാവതി** (മഹാരാഷ്ട്ര)
  - 3 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളുടെ വിഭാഗത്തിൽ ഒന്നാമത്

    **ദേവാസ്** (മധ്യപ്രദേശ്)
- **ഡോ. വിഷ്ണുവർധനും ബി.സരോജാ ദേവിക്കും കർണാടക രത്ന പുരസ്കാരം നൽകാൻ കർണാടക സർക്കാർ തീരുമാനിച്ചു.**
  - ഇരുവർക്കും മരണാനന്തര ബഹുമതിയായാണ് പുരസ്കാരം നൽകുക.
  - 2009 ഡിസംബർ 30-നാണ് വിഷ്ണുവർധൻ അന്തരിച്ചത്.
  - സരോജാദേവി 2025 ജൂലായ് 14-ന് അന്തരിച്ചു.

  (കന്നഡയിൽ 'അഭിനയ സരസ്വതി', തമിഴിൽ 'കന്നഡത്തു പൈങ്കിളി' എന്നിങ്ങനെ അറിയപ്പെട്ടിരുന്നു)
- ദ്രാവിഡഭാഷാ ട്രാൻസ്ലേറ്റേഴ്സ് അസോസിയേഷന്റെ (ഡിബിടിഎ) 2025-ലെ വിവർത്തന പുരസ്കാരം നേടിയത്

  **ഡോ. മോഹൻ കുണ്ടാർ**
  - തകഴി ശിവശങ്കരപ്പിള്ളയുടെ നോവലായ ചെമ്മീൻ വിവർത്തനം ചെയ്തതിനാണ് പുരസ്കാരം

## National

- 2026-ൽ 100-ാമത് ജന്മ വാർഷികം ആചരിക്കപ്പെടുന്ന ആസാമിസ് കവി

  **ഭൂപൻ ഹസാരിക**
  - ഇതിനോടനുബന്ധിച്ച 1 വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾക്ക് തുടക്കം കുറിച്ചു
  - ജനനം - 1926
  - മരണം - 2011
  - 2019 ൽ ഭൂപൻ ഹസാരികയ്ക്കു മരണാനന്തര ബഹുമതിയായി ഭാരതരത്ന ലഭിച്ചു
- പേഴ്സൺ-ടു-മർച്ചന്റ് (P2M) ഇടപാടുകൾക്കുള്ള പുതുക്കിയ UPI പരിധി

  **10 ലക്ഷം**
  - വ്യക്തിയിൽ നിന്ന് വ്യക്തിയിലേക്ക് (P2P) കൈമാറ്റം ചെയ്യുന്നതിനുള്ള UPI പരിധി പ്രതിദിനം 1 ലക്ഷം രൂപ.

## International

- അടുത്തിടെ എത്യോപിയയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട അണക്കെട്ട്

  **Grand Ethiopian Renaissance Dam**
  - ആഫ്രിക്കയിലെ ഏറ്റവും വലിയ ജലവൈദ്യുത അണക്കെട്ടാണിത്
  - നൈലിന്റെ പോഷക നദിയായ ബ്ലൂ നൈൽ നദിയിലാണ് സ്ഥിതി ചെയ്യുന്നത്

## Sports

- ക്ലാസിക്കൽ ചെസ്സിൽ നിലവിലെ ചാമ്പ്യനെ പരാജയപ്പെടുത്തുന്ന ഏറ്റവും പ്രായംകുറഞ്ഞ താരം

  **അഭിമന്യു മിശ്ര**

  - ഡി ഗുകേഷിനെയാണ് പരാജയപ്പെടുത്തിയത്
  - ചെസ് ചരിത്രത്തിൽ ഒരു ഗ്രാൻഡ്മാസ്റ്ററെ പരാജയപ്പെടുത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനും മിശ്രയാണ്

## Demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച മുൻ മന്ത്രിയും നിയമസഭാ സ്പീക്കറുമായ വ്യക്തി

  **പി.പി.തങ്കച്ചൻ**

  - 1991 മുതൽ 95 വരെ സ്പീക്കറായി പ്രവർത്തിച്ചിട്ടുണ്ട്.
  - 1995-ൽ ആന്റണി മന്ത്രിസഭയിൽ കൃഷി മന്ത്രിയായിരുന്നു.

## Today's MCQ

1. അടുത്തിടെ തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രങ്ങൾക്ക് പകരം ബാലറ്റ് പേപ്പർ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ച സംസ്ഥാനം

   (a) തെലങ്കാന (b) കർണാടക

   (c) ആന്ധ്രാപ്രദേശ് (d) മധ്യപ്രദേശ്

2. അടുത്തിടെ Gen Z വിപ്ലവം ആരംഭിച്ച രാജ്യം

   (a) ജപ്പാൻ (b) അഫ്ഗാനിസ്ഥാൻ

   (c) നേപ്പാൾ (d) ആസ്ട്രേലിയ


**Ans: 1. (b) 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September 14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 14.09.2025

## Important days

- **സെപ്റ്റംബർ 14 - ദേശീയ ഹിന്ദി ദിവസ്**
  - ഹിന്ദി ഇന്ത്യൻ യൂണിയന്റെ ഔദ്യോഗിക ഭാഷയായി ഭരണഘടനാ അസംബ്ലി അംഗീകരിച്ചത് 1949 സെപ്റ്റംബർ 14-നാണ്. അതുകൊണ്ട് സെപ്റ്റംബർ 14 ഹിന്ദി ദിവസ് ആയി ആഘോഷിക്കുന്നു
  - ലോക ഹിന്ദി ദിനം - **ജനുവരി 10**

## Appointment

- നേപ്പാളിന്റെ ഇടക്കാല പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്

  **സുശീല കാർക്കി**
  - ഈ പദവിയിലെത്തിയ ആദ്യ വനിതയാണ് സുശീല കാർക്കി
  - നേപ്പാൾ സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസാണ്.
  - രാജ്യത്ത് ചീഫ് ജസ്റ്റിസ് പദവിയിലെത്തിയ ആദ്യവനിത കൂടിയാണ് സുശീല കാർക്കി

## Awards

- **ആർദ്രകേരളം പുരസ്കാരം 2023-24**
  - ഗ്രാമ പഞ്ചായത്ത് - **വെള്ളിനേഴി** (പാലക്കാട് )
  - ബ്ലോക്ക് പഞ്ചായത്ത് - **പള്ളുരുത്തി** (എറണാകുളം)
  - ജില്ലാ പഞ്ചായത്ത് - **ഇടുക്കി**
  - മുനിസിപ്പാലിറ്റി - **ഗുരുവായൂർ മുനിസിപ്പാലിറ്റി** (തൃശൂർ)
  - മുനിസിപ്പൽ കോർപ്പറേഷൻ - **തിരുവനന്തപുരം**
- 2025-ൽ പി. വി. നരസിംഹ റാവു പുരസ്കാരത്തിന് അർഹനായത്

  **മൻമോഹൻ സിംഗ്**
  - മരണാനന്തര ബഹുമതിയായാണ് നൽകുന്നത്
  - സാമ്പത്തിക മേഖലയിൽ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം
  - 2024 ഡിസംബർ 26 നാണ് മൻമോഹൻ സിംഗ് അന്തരിച്ചത്

## International

- ഭരണകൂട അട്ടിമറിക്ക് ശ്രമിച്ചെന്ന കുറ്റത്തിന് തടവ് ശിക്ഷ ലഭിക്കപ്പെട്ട മുൻ ബ്രസീലിയൻ പ്രസിഡന്റ്

  **ജെയ്ർ ബൊൽസൊനാരോ**
  - ബൊൽസൊനാരോയ്ക്ക് സുപ്രീംകോടതി 27 വർഷം തടവുശിക്ഷ വിധിച്ചു .
  - നിലവിലെ ബ്രസീലിയൻ പ്രസിഡന്റ് - **ലുല ഡ സിൽവ**

## Space

- 2025 സെപ്തംബറിൽ ഇസ്രായേൽ  വിക്ഷേപിച്ച പുതിയ ചാര ഉപഗ്രഹം

**ഒഫെക്ക് - 19 (Ofek - 19)**

## Sports

- അടുത്തിടെ വിലക്ക് ലഭിക്കപ്പെട്ട മുൻ ലോങ്ജമ്പ് താരം

**മൈക് പവൽ**

  - 1988 (സോൾ), 1992 (ബാഴ്സലോണ) ഒളിംപിക്സുകളിൽ വെള്ളി മെഡൽ ലഭിച്ചു.
  - ലോങ് ജമ്പിലെ ലോക റെക്കോർഡ് ഇദ്ദേഹത്തിന്റെ പേരിലാണ്

- അടുത്തിടെ വിരമിച്ച യു.എ.ഇ. ക്രിക്കറ്റ് താരം

**സി.പി.  റിസ്വാൻ**

  - യു.എ.ഇ പുരുഷ ക്രിക്കറ്റ് ടീമിന്റെ മുൻ ക്യാപ്റ്റൻ കൂടിയായ ഇദ്ദേഹം മലയാളിയാണ്
  - അന്താരാഷ്ട്ര  ഏകദിന ക്രിക്കറ്റിൽ സെഞ്ചുറി നേടിയ ആദ്യ മലയാളിയാണ് ഇദ്ദേഹം

- 2025 CAFA നേഷൻസ് കപ്പ് ജേതാക്കൾ

**ഉസ്ബെക്കിസ്ഥാൻ**

  - റണ്ണറപ്പ് - **ഇറാൻ**
  - മൂന്നാം സ്ഥാനം - **ഇന്ത്യ**
  - വേദി - **ഉസ്ബെക്കിസ്ഥാൻ, താജികിസ്ഥാൻ**

- 2025 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ യു.എ.ഇ.ക്കു വേണ്ടി കളിക്കുന്ന മലയാളി

**അലിഷാൻ ഷറഫു**

  - 2025 ഏഷ്യാകപ്പ്  വേദി - **യു.എ.ഇ**

## Today's MCQ

1. കേരള അർബൻ കോൺക്ലേവ് 2025 ന്റെ വേദി

   (a) തൃശൂർ (b) തിരുവനന്തപുരം

   (c) കൊച്ചി (d) കോഴിക്കോട്

2. പേഴ്സൺ-ടു-മർച്ചന്റ് (P2M) ഇടപാടുകൾക്കുള്ള പുതുക്കിയ  UPI പരിധി

   (a) 5 ലക്ഷം (b) 10 ലക്ഷം

   (c) 1 ലക്ഷം (d) 15 ലക്ഷം

**Ans: 1. (c)  2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
15-16



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 15.09.2025 to 16.09.2025

## Important event

- **സെപ്റ്റംബർ 16 – ഓസോൺ ദിനം**
  - സൗരോർജ്ജ അൾട്രാവയലറ്റ് വികിരണങ്ങളിൽ നിന്ന് ഭൂമിയെ സംരക്ഷിക്കുന്നതിൽ ഓസോൺ പാളിയുടെ അനിവാര്യ പങ്കിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി എല്ലാ വർഷവും സെപ്റ്റംബർ 16 ഓസോൺ ദിനമായി ആചരിക്കുന്നു .
  - 2025 ഓസോൺ ദിനത്തിന്റെ പ്രമേയം – **From science to global action**

## Kerala

- 2025 യുനെസ്കോ ലോക പൈതൃക കേന്ദ്രങ്ങളുടെ താത്കാലിക പട്ടികയിൽ ഉൾപ്പെട്ട കേരളത്തിൽ നിന്നുള്ള പൈതൃക മേഖല

  **വർക്കല ക്ലിഫ്**
  - വർക്കല ക്ലിഫ് ഉൾപ്പെടെ ഇന്ത്യയിലെ ഏഴ് പൈതൃക മേഖലകൾ യുനെസ്കോയുടെ താത്കാലിക പൈതൃക പട്ടികയിൽ ഉൾപ്പെട്ടു. ഇതോടെ താത്കാലിക പൈതൃക പട്ടികയിൽ ഉൾപ്പെട്ട ഇന്ത്യയിലെ പൈതൃക മേഖലകളുടെ എണ്ണം 69 ആയി
  - ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുന്നതിന് പരിഗണിക്കുന്നതിന്റെ പ്രാഥമിക നടപടിയാണിത്
  - പഞ്ചാഗ്നി – മഹാബലേശ്വറിലെ ഡെക്കാൻ ട്രാപ്സ് (മഹാരാഷ്ട്ര), ഉടുപ്പിയിലെ സെന്റ് മേരീസ് ഐലൻഡ് ക്ലസ്റ്റർ (കർണാടക), മേഘാലയൻ ഏജ് കേവ്സ് (മേഘാലയ), നാഗാഹിൽ ഓഫിയോലൈറ്റ് (നാഗാലാൻഡ്), എറ മട്ടി ദിബ്ബാലു (ആന്ധ്രാപ്രദേശ്), തിരുമല ഹിൽസ് (ആന്ധ്രാപ്രദേശ്) എന്നിവയും താൽക്കാലിക പട്ടികയിൽ ഇടം പിടിച്ചു
- ഡ്രൈവിംഗ് ലൈസൻസിനുള്ള ലേണേഴ്സ് ടെസ്റ്റിനുള്ള ചോദ്യങ്ങളുടെ എണ്ണം

  **30**
  - ചോദ്യങ്ങൾ 20-ൽ നിന്ന് 30 ആക്കി. പാസാകാൻ ഇതിൽ 18 ശരിയുത്തരം (60%) ലഭിക്കണം. ലേണേഴ്സ് സിലബസ്, പ്രാക്ടിക്കൽ ടെസ്റ്റുകൾ എന്നിവ എം.വി.ഡി ലീഡ്സ് എന്ന ആപ്പിൽ ഉണ്ട്.
  - ആപ്പിലെ ടെസ്റ്റുകൾ പാസാക്കുന്നവർക്ക് റോഡ് സേഫ്റ്റി സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കും. സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് നിർബന്ധിത റോഡ് സേഫ്റ്റി ക്ലാസിൽ പങ്കെടുക്കേണ്ടതില്ല.
  - ആപ്പ് ഡൗൺലോഡ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ-കെ.എസ്.ആർ.ടി.സി. ബസുകളിൽ ക്യു ആർ കോഡ് കാണിച്ച് യാത്ര ഇളവ് നേടാം. ഇതിലൂടെ വിദ്യാർത്ഥികളിൽ റോഡ് സുരക്ഷ അവബോധം ഉണ്ടാക്കാൻ ലക്ഷ്യമിടുന്നു.
- രാജ്യത്ത് ആദ്യമായി സ്ത്രീകൾക്ക് വേണ്ടി പ്രത്യേക വെൽനസ് ക്ലിനിക് ആരംഭിക്കുന്ന സംസ്ഥാനം

  **കേരളം**
  - വിളർച്ച, പ്രമേഹം, രക്താതിമർദം, കാൻസർ സ്ക്രീനിങ് തുടങ്ങിയവയും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനും ക്ലിനിക്കുകൾ സഹായിക്കും

- ഓഫ്‌ലൈൻ ക്ലാസുകളും ഓൺലൈനായി ലഭിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കുന്ന പഠനപോർട്ടൽ

**കെ-ലേൺ**

- കോളേജിൽ ഹാജരാവാത്ത ദിവസത്തെ ക്ലാസുകൾ വിദ്യാർഥികൾക്ക് ഓൺലൈനായി പഠിക്കാം. ക്ലാസിൽ പഠിച്ചവർക്ക് വിഷയം വീണ്ടും മനസ്സിലാക്കി ഊട്ടിയുറപ്പിക്കാനും ഇത് പ്രയോജനപ്പെടും.

## National

- മണിപ്പൂർ സന്ദർശനത്തിനിടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ അണിയിച്ച മണിപ്പൂരിന്റെ പരമ്പരാഗത തലപ്പാവ്

**കോക്‌യേത്**

- മലമുഴക്കി വേഴാമ്പലിന്റെ തൂവലും കല്ലുകളും പതിപ്പിച്ച മണിപ്പൂരിന്റെ പരമ്പരാഗത തലപ്പാവ് ആണ് കോക്‌യേത്
- 2025 സെപ്റ്റംബറിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മണിപ്പൂർ സന്ദർശിച്ചു

## International

- ലോകത്തിലെ ആദ്യത്തെ AI ജനറേറ്റഡ് മന്ത്രിയെ നിയമിച്ച രാജ്യം

**അൽബേനിയ**

- രാജ്യത്തെ അഴിമതി രഹിതമാക്കുക എന്ന ലക്ഷ്യത്തോടെ അൽബേനിയയുടെ പ്രധാനമന്ത്രി എഡി റാമ മന്ത്രിസഭയിൽ ഡിജിറ്റൽ മന്ത്രിയെ പ്രഖ്യാപിച്ചു.
- 'സൂര്യൻ' എന്നർത്ഥം വരുന്ന 'ഡിയല്ല' എന്നാണ് ഡിജിറ്റൽ അസിസ്റ്റന്റിന് പേരിട്ടിരിക്കുന്നത്.

## Defence

- അടുത്തിടെ ഐഎൻഎസ് ആരവലി കമ്മീഷൻ ചെയ്യപ്പെട്ടത്

**ഗുരുഗ്രാം**

- ഗുരുഗ്രാമിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠിയുടെ സാന്നിധ്യത്തിൽ നടന്ന കമ്മീഷനിംഗ് ചടങ്ങിൽ ഇന്ത്യൻ നാവികസേന ഐഎൻഎസ് ആരവലി കമ്മീഷൻ ചെയ്തു.

- അടുത്തിടെ നാവികസേനക്ക് കൈമാറിയ തദ്ദേശീയമായി നിർമ്മിച്ച ആന്റിസബ്മറൈൻ യുദ്ധക്കപ്പൽ

**ആന്ത്രോത്ത്**

- കൊൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ്പ്ബിൽഡേഴ്സ് ആൻഡ് എൻജിനീയേഴ്സാണ് നിർമിച്ചത്.
- എട്ട് ആന്റിസബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകളിൽ രണ്ടാമത്തേതാണിത്.

## Sports

- **2025 ലെ ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിലെ ഇന്ത്യയുടെ മെഡൽ ജേതാക്കൾ**
  - **മീനാക്ഷി ഹൂഡ** - സ്വർണ്ണ മെഡൽ (വനിതകളുടെ 48 കിലോഗ്രാം)
  - **ജെയ്സ്മിൻ ലംബോറിയ** - സ്വർണ്ണ മെഡൽ (വനിതകളുടെ 57 കിലോഗ്രാം)
  - **നൂപുർ ഷിയോറൻ** - വെള്ളി മെഡൽ (വനിതകളുടെ 80+ കിലോഗ്രാം)
  - **പൂജ റാണി** - വെങ്കല മെഡൽ (വനിതകളുടെ 80 കിലോഗ്രാം)
  - വേദി - **യു.കെ**

## demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച പ്രശസ്ത ഭരതനാട്യം നർത്തകി

**ശാരദ ഹോഫ്മൻ**

  - ചെന്നൈ 'കലാക്ഷേത്ര'യിലെ നൃത്താധ്യാപികയുമായിരുന്നു
  - 1996-ൽ കേന്ദ്ര സംഗീതനാടക അക്കാദമി അവാർഡ് ലഭിച്ചു.

## Today's MCQ

1. ആർദ്രകേരളം പുരസ്കാരം 2023-24 ൽ മികച്ച ജില്ല പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ടത്

   (a) ഇടുക്കി (b) എറണാകുളം

   (c) തൃശൂർ (d) തിരുവനന്തപുരം

2. 2025-ൽ പി. വി. നരസിംഹ റാവു പുരസ്കാരത്തിന് അർഹനായത്

   (a) നരേന്ദ്രമോദി (b) നിർമ്മല സീതാരാമൻ

   (c) രാഹുൽ ഗാന്ധി (d) മൻമോഹൻ സിംഗ്


**Ans: 1. (a) 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

September
17



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 17.09.2025

## Appointment

- All India Institute of Ayurveda യുടെ പുതിയ ഡയറക്ടർ

  **പ്രദീപ് കുമാർ പ്രജാപതി**

- മഹാരാഷ്ട്രയുടെ പുതിയ ഗവർണർ (അധിക ചുമതല)

  **Acharya Devvrat**

  - മഹാരാഷ്ട്രയുടെ ഗവർണറായിരുന്ന സി.പി. രാധാകൃഷ്ണൻ ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നാണ് നിയമനം
  - ഗുജറാത്തിന്റെ ഗവർണർ കൂടിയാണ് ഇദ്ദേഹം

## Kerala

- ജനങ്ങളുടെ ജീവന് ഭീഷണിയാകുംവിധം ജനവാസ മേഖലയിൽ ഇറങ്ങുന്ന ആക്രമണകാരികളായ വന്യമൃഗങ്ങളെ കൊല്ലാൻ അനുമതി നൽകുന്ന വന്യജീവി സംരക്ഷണ ഭേദഗതി കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം.
  - 2025 സെപ്റ്റംബർ 13 ന് മന്ത്രിസഭ അംഗീകാരം നൽകി
  - രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവരുന്നത്
- ലോക തേക്ക് കോൺഫറൻസ് 2025 വേദി

  **കൊച്ചി**

  - ഇന്ത്യ ആദ്യമായി തേക്ക് കോൺഫറൻസിന് ആതിഥേയരാകുന്നു

## National

- അരുണാചൽപ്രദേശിലെ ദിബാങ്ങിൽ ഇന്ത്യ അണക്കെട്ട് പണിയുന്നു
  - ബ്രഹ്മപുത്രയിൽ ചൈന നിർമ്മിക്കുന്ന കൂറ്റൻ അണക്കെട്ട് ഉയർത്തുന്ന ഭീഷണി മറികടക്കാനാണ് ഈ നിർമ്മാണം
  - 2032-ൽ പദ്ധതി ഇന്ത്യ പൂർത്തിയാക്കും
  - നിർമ്മാണം പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ഡാമായി ഇത് മാറും
  - ചൈന പണിയുന്നത് അരുണാചൽപ്രദേശിന്റെ അതിർത്തിക്കപ്പുറം ടിബറ്റിലെ Nyingchi യിൽ
  - ഇന്ത്യയുടെ ഉയരം - **278 മീ**
  - ചൈനയുടെ ഉയരം - **267 മീ**
  - യർലങ് സാംഗ്പോ നദി എന്നാണ് ബ്രഹ്മപുത്രയുടെ ചൈനീസ് നാമം
- വാഹന മിത്ര പദ്ധതി ആരംഭിക്കാനൊരുങ്ങുന്ന സംസ്ഥാനം

  **ആന്ധ്രാപ്രദേശ്**

  - ഓട്ടോ റിക്ഷ ഡ്രൈവർമാർക്ക് ഒരു വർഷം 15000 നൽകുന്ന പദ്ധതിയാണിത്

## International

- യുഎന്നിൽ സ്വതന്ത്ര പാലസ്തീനെ അംഗീകരിക്കുന്ന പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്ത രാജ്യങ്ങളുടെ എണ്ണം

  **10**

  - അർജന്റീന, ഹംഗറി, മൈക്രോനേഷ്യ, നൗറു, പലാവു, പാപുവ ന്യൂ ഗിനിയ, പരാഗ്വേ, ടോംഗ,അമേരിക്ക, ഇസ്രായേൽ എന്നിവരാണ് എതിർത്തത്
  - ഫ്രാൻസ് അവതരിപ്പിച്ച പ്രമേയത്തെ ഇന്ത്യയുൾപ്പെടെ 142 രാജ്യങ്ങൾ അനുകൂലിച്ചു

## Sports

- 2025 വനിതാ ഏഷ്യാ കപ്പ് ഹോക്കി കിരീടം നേടിയത്

  **ചൈന**

  - ചൈനയുടെ 3-മത് കിരീടം (1989, 2009, 2025)
  - റണ്ണറപ്പ് - **ഇന്ത്യ** (ഇന്ത്യ രണ്ട് തവണ കിരീടം നേടിയിട്ടുണ്ട് (2004, 2017)
  - വേദി - **ഹാങ്ഷൗ**
- 2025 ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ പുരുഷന്മാരുടെ 100 മീറ്ററിൽ സ്വർണ്ണം നേടിയത്

  **ഒബ്ലീക് സെവില്ലെ** (ജമൈക്ക)

  - വനിതകളുടെ 100 മീറ്ററിൽ സ്വർണ്ണം നേടിയത് - **മെലിസ്സ ജെഫേഴ്സൺ വൂഡൻ** (യു.എസ്.എ)
- 2025 ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പുരുഷ പോൾവാൾട്ടിൽ സ്വർണ്ണം നേടിയത്

  **അർമാൻഡ് ഡ്യൂപ്ലാന്റിസ്** (സ്വീഡൻ)

  - പോൾവാൾട്ടിൽ പുതിയ ലോക റെക്കോർഡ് കുറിച്ചുകൊണ്ടാണ് സ്വർണം നേടിയത്
- 2025-ൽ FIDE വനിതാ ഗ്രാൻഡ് സ്വിസ് കിരീടം നേടിയത്

  **ആർ. വൈശാലി**

  - വനിതാ ഗ്രാൻഡ് സ്വിസ് കിരീടം നേടിയത് രണ്ടാം തവണ (ഇതിന് മുൻപ് 2023)
  - ഇതോടെ 2026 കാൻഡിഡേറ്റ്സ് ടൂർണമെന്റിലേക്ക് നേരിട്ട് യോഗ്യത നേടി.
- 2025 ദുലീപ് ട്രോഫി ജേതാക്കൾ

  **മധ്യമേഖല** (ക്യാപ്റ്റൻ : **രജത് പടിദാർ** )

  - ദക്ഷിണമേഖലയെ പരാജയപ്പെടുത്തി
  - ദക്ഷിണമേഖല ക്യാപ്റ്റൻ - **മുഹമ്മദ് അസ്ഹറുദീൻ**

## Today's MCQ

1. 2025 യുനെസ്കോ ലോക പൈതൃക കേന്ദ്രങ്ങളുടെ താത്കാലിക പട്ടികയിൽ ഉൾപ്പെട്ട കേരളത്തിൽ നിന്നുള്ള പൈതൃക മേഖല

   (a) മട്ടാഞ്ചേരി കൊട്ടാരം (b) പത്മനാഭപുരം കൊട്ടാരം

   (c) വർക്കല ക്ലിഫ് (d) ജഡായു പാറ

2. ലോകത്തിലെ ആദ്യത്തെ AI ജനറേറ്റഡ് മന്ത്രിയെ നിയമിച്ച രാജ്യം

   (a) ഗ്രീസ് (b) അൽബേനിയ

   (c) മാൾട്ട (d) സെർബിയ

**Ans: 1. (c) 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
18




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 18.09.2025

## Appointment

- 2025 സെപ്റ്റംബറിൽ ഉപരാഷ്ട്രപതിയുടെ സെക്രട്ടറിയായി നിയമിതനായത്

  **അമിത് ഖരെ**

  - 2021 മുതൽ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായി സേവനമനുഷ്ഠിച്ചിട്ടുണ്ട്

## Book and Author

- Sivam Subham - The Biography of a Couple എന്ന ബുക്ക് എഴുതിയത്

  **ബി.കെ. ഹരിനാരായണൻ**

  - ലോകപ്രശസ്തസംഗീതജ്ഞ എം.എസ്. സുബ്ബുലക്ഷ്മിയുടേയും ഭർത്താവ് ത്യാഗരാജൻ സദാശിവത്തിന്റെയും ജീവിതകഥയാണിത്

## Awards

- **77th Emmy Awards**

  <u>ഡ്രാമ വിഭാഗം</u>

  - മികച്ച സീരീസ് - **The Pitt**
  - മികച്ച നടൻ - **Noah Wyle** (The Pitt)
  - മികച്ച നടി - **Britt Lower** (Severance)
  - മികച്ച സംവിധാനം - **Adam Randall** (Slow Horses)

  <u>കോമഡി വിഭാഗം</u>

  - മികച്ച സീരീസ് - **The Studio**
  - മികച്ച നടൻ - **Seth Rogen** (The Studio)
  - മികച്ച നടി - **Jean Smart** (Hacks)
  - മികച്ച സംവിധാനം - **Seth Rogen** (The Studio)
  - എമ്മി അവാർഡ് നേടിയ ഏറ്റവും പ്രായം കുറഞ്ഞ പുരുഷതാരം - **ഓവൻ കൂപ്പർ**

    (ലിമിറ്റഡ് / ആന്തോളജി സീരീസ്/ ടി.വി. മൂവി മികച്ച സഹനടൻ എന്ന വിഭാഗത്തിലാണ് പുരസ്കാരം നേടിയത്)

- വെനീസ് ചലച്ചിത്രമേളയിൽ ഒറിസോണ്ടി വിഭാഗത്തിൽ മികച്ച സംവിധായകയ്ക്കുള്ള പുരസ്കാരം നേടിയ ഇന്ത്യക്കാരി

  **അനുപർണ റോയ്**

## National

- മഹാരാഷ്ട്രയിലെ അഹമ്മദ്നഗർ റെയിൽവേ സ്റ്റേഷന് നൽകിയ പുതിയ പേര്

  **അഹല്യനഗർ**

  - ലോക മാതാ ദേവി അഹല്യ ഭായ് ഹോൾക്കറോടുള്ള ആദരസൂചകമായിട്ടാണ് പേര് നൽകിയത്
  - ഇതിനുമുമ്പ് മഹാരാഷ്ട്രയിലെ അഹമ്മദ്നഗർ ജില്ലയുടെ പേര് അഹല്യനഗർ എന്നാക്കിയിരുന്നു

- അടുത്തിടെ 'അൻപ് കരങ്ങൾ' പദ്ധതി ആരംഭിച്ച സംസ്ഥാനം

  **തമിഴ്നാട്**

  - അനാഥരായ കുട്ടികളുടെയോ മാതാപിതാക്കളിൽ ഒരാളെ നഷ്ടപ്പെട്ടവരുടെയോ വിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. പ്രതിമാസം 2000 രൂപയാണ് നൽകുന്നത്.
  - തമിഴ്നാട് മുഖ്യമന്ത്രി - **എം.കെ.സ്റ്റാലിൻ**

- 2025 സെപ്റ്റംബറിൽ 75-ാമത് ജന്മദിനം ആഘോഷിക്കുന്ന ഇന്ത്യയുടെ പ്രധാനമന്ത്രി

  **നരേന്ദ്ര മോദി**

  - 1950 സെപ്റ്റംബർ 17 ആണ് നരേന്ദ്രമോദി ജനിച്ചത്
  - ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി ഖത്തർ ലോകകപ്പിൽ കളിക്കുമ്പോൾ ധരിച്ച ജേഴ്സിയിൽ ഒപ്പിട്ട് മോദിക്ക് പിറന്നാൾ സമ്മാനമായി നൽകി

- ലോകത്തിലെ ആദ്യ മുള അധിഷ്ഠിത ബയോ-എഥനോൾ പ്ലാന്റ് സ്ഥാപിതമായത്

  **ഗോലാഘട്ട്** (അസം)

  - ഉദ്ഘാടനം ചെയ്തത് - നരേന്ദ്രമോദി

## International

- മൗണ്ട് ഫുജി കൊടുമുടി കീഴടക്കിയ ഏറ്റവും പ്രായം കൂടിയ വ്യക്തി

  **കൊക്കിച്ചി അകുസാവ**

  - 102 വയസ്സുള്ള ജപ്പാൻകാരനാണ് കൊക്കിച്ചി അകുസാവ

## Defence

- അടുത്തിടെ ഫിജി സന്ദർശിച്ച ഇന്ത്യൻ നാവികസേന കപ്പൽ

  **INS Kadmatt**

- ദിബാംഗ് ശക്തി 2025 നടന്നത്

  **അരുണാചൽ പ്രദേശ്**

  - ഇന്ത്യൻ സൈന്യം ആണ് ദിബാംഗ് ശക്തി എന്ന അഭ്യാസം നടത്തിയത്

## Demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച ഹോളിവുഡ് ഇതിഹാസ താരം

**റോബർട്ട് റെഡ്ഫോർഡ്**

  - 1981-ൽ മികച്ച സംവിധാനത്തിനുള്ള 53-ാമത് ഓസ്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ട്.
  - നാഷണൽ റിസോഴ്സസ് ഡിഫൻസ് കൗൺസിൽ ട്രസ്റ്റിയും ആയിരുന്നു അദ്ദേഹം

## Today's MCQ

1. 2025 വനിതാ ഏഷ്യാ കപ്പ് ഹോക്കി കിരീടം നേടിയത്

   (a) ചൈന (b) ദക്ഷിണ കൊറിയ

   (c) ഇന്ത്യ (d) പാകിസ്ഥാൻ

2. യു.എന്നിൽ സ്വതന്ത്ര പാലസ്തീനെ അംഗീകരിക്കുന്ന പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്ത രാജ്യങ്ങളുടെ എണ്ണം

   (a) 120 (b) 10

   (c) 15 (d) 142

**Ans: 1. (a) 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
19



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 19.09.2025

## Kerala

- ഖാർദുങ് ലാ ചാലഞ്ച് പൂർത്തിയാക്കിയ ആദ്യ മലയാളി വനിത

**സോജ സിയ**

  - ലോകത്തിലെ ഉയരമേറിയ പാതയിലൂടെയുള്ള അൾട്രാമാരത്തൺ ആയ ഖാർദുങ് ലാ ചാലഞ്ച് പൂർത്തിയാക്കി.

## National

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബയോപിക് 'മാ വന്ദേ'യിൽ നരേന്ദ്രമോദിയായി വേഷമണിയുന്നത്

**ഉണ്ണി മുകുന്ദൻ**

  - പ്രധാനമന്ത്രിയുടെ ബാല്യകാലം മുതൽ പ്രധാനമന്ത്രി വരെ ആകുന്ന കഥ പറയുന്ന ചിത്രമാണിത്.
  - നരേന്ദ്രമോദിയും അമ്മയും തമ്മിലുള്ള ആത്മബന്ധമാണ് കഥയുടെ ഉള്ളടക്കം
  - മലയാളം, കന്നട, ഹിന്ദി, തമിഴ്, തെലുങ്ക്, ബംഗാളി, ഇംഗ്ലീഷ് ഭാഷകളിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം മോദിയുടെ 75-ാം ജന്മദിനത്തോടനുബന്ധിച്ച് നടത്തി.

- സ്ത്രീകളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിലൂടെ കുടുംബങ്ങളെ ശക്തമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്രം ആരംഭിച്ച പദ്ധതി

**സ്വസ്ത് നാരി സശക്ത് പരിവാർ അഭിയാൻ**

  - പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 75-ാം ജന്മദിനത്തിൽ മധ്യപ്രദേശിൽ പദ്ധതി ഉദ്ഘാടനം ചെയ്തു.
  - വിളർച്ച, പ്രമേഹം, അതിസമ്മർദ്ദം, സ്തനാർബുദം, സെർവിക്കൽ ക്യാൻസർ, ട്യൂബർകുലോസിസ്, വന്ധ്യത തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധന ക്യാമ്പുകളും സ്ത്രീകളുടെയും കുട്ടികളുടെയും പ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനും പോഷകം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്

- ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കാന്റിലിവർ ഗ്ലാസ് ബ്രിഡ്ജ് നിലവിൽ വരുന്നത്

**ആന്ധ്രാപ്രദേശ്**

  - വിശാഖപട്ടണത്ത് നിലവിൽ വരുന്ന കാന്റിലിവർ ഗ്ലാസ് ബ്രിഡ്ജിന് 55 മീറ്റർ നീളമാണുള്ളത്

- 2025 സെപ്റ്റംബറിൽ സമ്പൂർണ്ണ സാക്ഷരതയുള്ള സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടത്

**ഹിമാചൽ പ്രദേശ്**

  - ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്‌വീന്ദർ സിംഗ് സുഖു അന്താരാഷ്ട്ര സാക്ഷരതാ ദിനത്തോടനുബന്ധിച്ച് ഹിമാചൽ പ്രദേശിനെ 'സമ്പൂർണ്ണ സാക്ഷരതയുള്ള സംസ്ഥാനം' ആയി പ്രഖ്യാപിച്ചു.

- 2025 സെപ്റ്റംബറിൽ ഇന്ത്യ സന്ദർശിച്ച മൗറീഷ്യസ് പ്രധാനമന്ത്രി

**നവീൻചന്ദ്ര രാംഗൂലം**

## International

- ഗ്ലോബൽ ഇന്നവേഷൻ ഇൻഡക്സ് 2025 റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തുള്ളത്

**സ്വിറ്റ്സർലാൻഡ്**

  - രണ്ടാം സ്ഥാനത്ത് - **സ്വീഡൻ**
  - മൂന്നാം സ്ഥാനത്ത് - **യുഎസ്**
  - ഇന്ത്യയുടെ സ്ഥാനം - **38**
  - ഇൻഡക്സിന്റെ തലക്കെട്ട് - Innovation at a Crossroads
  - WIPO (World Intellectual Property Organization) ആണ് ഇൻഡക്സ് പുറത്തുവിടുന്നത്

- അടുത്തിടെ ഇന്റർനാഷണൽ സോളാർ അലൈൻസിൽ അംഗമായ 107 മത് രാജ്യം

**മോൾഡോവ**

- 2025ൽ ടൈം മാഗസിൻ കിഡ് ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത്

**തേജസ്വി മനോജ്**

  - 17 വയസ്സുള്ള ഇന്ത്യൻ - അമേരിക്കൻ വംശജയായ തേജസ്വി മനോജ് ടൈം മാഗസിന്റെ കിഡ് ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടു.
  - ഓൺലൈൻ തട്ടിപ്പുകൾ തിരിച്ചറിയാനും റിപ്പോർട്ട് ചെയ്യാനും അവയിൽ നിന്ന് സ്വയം പരിരക്ഷിക്കാനും മറ്റുള്ളവരെ സഹായിക്കുന്നതിനായി തേജസ്വി മനോജ് പ്രവർത്തിക്കുന്നു.

## Demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച പ്രശസ്ത ചരിത്രകാരൻ

**ജി. ബി. മെഹെൻഡേൽ**

  - ഛത്രപതി ശിവജിയെ കുറിച്ചുള്ള പഠനങ്ങളിലൂടെ പ്രസിദ്ധനായ ചരിത്രകാരനാണ് അദ്ദേഹം
  - പ്രധാന രചനകൾ - **ശിവാജി: ഹിസ് ലൈഫ് ആൻഡ് ടൈംസ്, ശിവചരിത്ര, ഛത്രപതി ശിവജി മഹാരാജ് സാലെ നസതേ തർ**

## Today's MCQ

1. 2025 സെപ്റ്റംബറിൽ ഉപരാഷ്ട്രപതിയുടെ സെക്രട്ടറിയായി നിയമിതനായത്

   (a) അമിത് ഖരെ　　(b) ശക്തികാന്ത ദാസ്

   (c) പ്രമോദ് കുമാർ മിശ്ര　　(d) സഞ്ജീവ് കുമാർ

2. അടുത്തിടെ 'അൻപ് കരങ്ങൾ' പദ്ധതി ആരംഭിച്ച സംസ്ഥാനം

   (a) കേരളം　　(b) തമിഴ്നാട്

   (c) തെലങ്കാന　　(d) കർണാടക

**Ans : 1 (a), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
20




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 20.09.2025

## Book & Author

- 'സിയാച്ചിനിൽ മഞ്ഞുപെയ്യുമ്പോൾ' എന്ന കഥാസമാഹാരത്തിന്റെ രചയിതാവ്

  **സുജാത രാജേഷ്**

- 'പുന്നപ്ര-വയലാർ ചരിത്രരേഖകൾ' എന്ന പുസ്തകം രചിച്ചത്

  **ആർ.കെ. ബിജുരാജ്**

## Kerala

- അമീബിക് മസ്തിഷ്ക ജ്വരത്തെ പ്രതിരോധിക്കാൻ രാജ്യത്ത് ആദ്യമായി ചികിത്സാ മാർഗ്ഗരേഖ പുറത്തിറക്കിയ സംസ്ഥാനം

  **കേരളം**

## National

- രാജ്യത്തെ മുഴുവൻ ഇൻഷുറൻസ് ആവശ്യങ്ങൾക്കും വേണ്ടിയുള്ള ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോം

  **ബീമ സുഗം**

  - ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയാണ് ആരംഭിച്ചത്
  - ഒരു രാജ്യത്തെ മുഴുവൻ ഇൻഷുറൻസ് ആവശ്യങ്ങൾക്കും ഒറ്റ പ്ലാറ്റ്ഫോം എന്ന ആശയം ലോകത്ത് ആദ്യമാണ്.

- ജാതിയുടെപേരിൽ ഒരാളും ക്ഷേത്രങ്ങളിൽ വിവേചനം നേരിടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ഭരണാധികാരികൾക്കുണ്ടെന്ന് വിധി പ്രസ്താവിച്ച ഹൈക്കോടതി

  **മദ്രാസ് ഹൈക്കോടതി**

  - ആരാധനാ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചചെയ്യാൻ പറ്റില്ലെന്ന് വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങളുടെയും തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെയും ചരിത്രം ഓർമ്മിപ്പിച്ച് കൊണ്ട് വിധി പ്രസ്താവിച്ചു

## International

- 2027-ൽ ഷാങ്ഹായ് കോ- ഓപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിക്ക് വേദിയാകുന്ന രാജ്യം

  **പാകിസ്ഥാൻ**

  - 2026 - **കിർഗിസ്ഥാൻ**
  - 2025 - **ചൈന**
  - 2024 - **കസാഖിസ്ഥാൻ**
  - സ്ഥാപിതമായത് - **2001**
  - ആസ്ഥാനം - **ബെയ്ജിംഗ്**
  - അംഗസംഖ്യ - **10**

- പൊട്ടിപ്പോയ അസ്ഥികൾ മിനിട്ടുകൾക്കുള്ളിൽ ഒട്ടിച്ച് പൂർവസ്ഥിതിയിലാക്കുന്ന പശ വികസിപ്പിച്ച രാജ്യം

  **ചൈന**

## Sports

- ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ ജേഴ്സി സ്പോൺസർ

  **അപ്പോളോ ടയേഴ്സ്**

  - 2027 വരെയുള്ള കരാർ ബി.സി.സി.ഐ ഒപ്പുവച്ചു.
  - ഓൺലൈൻ ഗെയിമിങ് ആപ്പായിരുന്ന ഡ്രീം ഇലവനായിരുന്നു മുൻപ് ഇന്ത്യയുടെ ജേഴ്സി സ്പോൺസർ
  - പണത്തെ അടിസ്ഥാനമാക്കിയുള്ള എല്ലാ ഗെയിമിങ് ഇടപാടുകളും നിരോധിച്ചുകൊണ്ടുള്ള പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിങ് ബിൽ പാർലമെൻറിൽ പാസാക്കിയതിനെത്തുടർന്നായിരുന്നു കരാറിൽ നിന്നും ഡ്രീം ഇലവൻ പിന്മാറിയത്.

- 2025 സെപ്റ്റംബറിൽ പുറത്തുവിട്ട ഫിഫ റാങ്കിങ്ങിൽ ഒന്നാമതുള്ളത്

  **സ്പെയിൻ**

  - രണ്ടാം സ്ഥാനം - **ഫ്രാൻസ്**
  - മൂന്നാം സ്ഥാനം - **അർജന്റീന**
  - ഇന്ത്യയുടെ സ്ഥാനം - **134**

- 2025 ലോക അത്‌ലറ്റിക് ചാംപ്യൻഷിപ്പ് ജാവലിൻ ത്രോയിൽ ഒന്നാമതെത്തിയത്

  **Keshorn Walcott** (ട്രിനിഡാഡ് ആൻഡ് ടൊബാഗോ)

  - രണ്ടാം സ്ഥാനം - **Anderson Peters** (ഗ്രാനഡ)
  - മൂന്നാം സ്ഥാനം - **Curtis Thompson** (യു.എസ്.എ)
  - സച്ചിൻ യാദവ് നാലാം സ്ഥാനത്തെത്തി
  - നീരജ് ചോപ്ര - എട്ടാം സ്ഥാനത്ത്

- 2025 സെപ്റ്റംബറിൽ പുറത്തുവിട്ട ICC പുരുഷ T20 ബൗളർമാരുടെ റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തിയത്

  **വരുൺ ചക്രവർത്തി**

  - ഈ റാങ്കിൽ ഒന്നാം സ്ഥാനത്തെത്തുന്ന മൂന്നാമത്തെ ഇന്ത്യൻ ബൗളറാണ് വരുൺ ബുംറ, രവി ബിഷ്ണോയി എന്നിവരാണ് മറ്റുള്ളവർ

## Today's MCQ

1. ഗ്ലോബൽ ഇന്നവേഷൻ ഇൻഡക്സ് 2025 റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തുള്ളത്

   (a) സ്വീഡൻ  (b) സ്വിറ്റ്സർലാൻഡ്

   (c) യു.എസ്  (d) ഐസ്‌ലന്റ്

2. അടുത്തിടെ ഇന്റർനാഷണൽ സോളാർ അലൈൻസിൽ അംഗമായ 107-ാമത് രാജ്യം

   (a) മോൾഡോവ  (b) സ്വീഡൻ

   (c) ഫിൻലന്റ്  (d) റൊമാനിയ


**Ans: 1. (b) 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
21





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 21.09.2025

## Kerala

- ഗർഭിണികൾക്കും പ്രസവാനന്തരം അമ്മമാർക്കും ആയുർവേദ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിനായി ആരംഭിക്കുന്ന പദ്ധതി

**സൂതികാമിത്രം**

- ❖ വനിതാ സഹകരണ സംഘങ്ങളുടെ സംസ്ഥാന ഫെഡറേഷനായ വനിതാഫെഡാണ് ആരംഭിക്കുന്നത്.

## Awards

- 2025-ൽ ദക്ഷിണ കൊറിയയുടെ പരമോന്നത സാഹിത്യ ബഹുമതിയായ പാക് ക്യോങ്നി പുരസ്കാരത്തിന് അർഹനായ ഇന്ത്യൻ സാഹിത്യകാരൻ

**അമിതാവ് ഘോഷ്**

- ❖ 54-ാമത് ജ്ഞാനപീഠ പുരസ്കാരം 2018 ലഭിച്ചിട്ടുണ്ട്

- 2026-ലെ ഓസ്കാർ അവാർഡിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിം വിഭാഗത്തിൽ ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി തിരഞ്ഞെടുക്കപ്പെട്ട ചിത്രം

**ഹോംബൗണ്ട്** (സംവിധാനം - നീരജ് ഗയ്‌വാൻ )

- ❖ Ishaan Khatter, Vishal Jethwa, Janhvi Kapoor എന്നിവർ അഭിനയിച്ചിട്ടുണ്ട്
- ❖ ഒരു ഉത്തരേന്ത്യൻ ഗ്രാമത്തിലെ സാധാരണക്കാരായ, രണ്ടുമതത്തിൽപ്പെട്ട യുവാക്കളായ ചന്ദന്റെയും ഷൊയേബിന്റെയും കഥ പറയുന്നതാണ് ചിത്രം.

## National

- ഇന്ത്യയിലുടനീളമുള്ള സേവനങ്ങൾ വർധിപ്പിക്കുന്നതിനായി ബിഎസ്എൻഎല്ലിനൊപ്പം കൈകോർക്കാനൊരുങ്ങി തപാൽ വകുപ്പ്.
  - ❖ ബിഎസ്എൻഎൽ സിം കാർഡുകളും മൊബൈൽ റീചാർജ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി പോസ്റ്റൽ വകുപ്പിന്റെ 1.65 ലക്ഷത്തിലധികം പോസ്റ്റ് ഓഫീസുകൾ പ്രയോജനപ്പെടുത്തും.
  - ❖ മൊബൈൽ സിം വിൽപ്പന, മൊബൈൽ റീച്ചാർജുകൾ എന്നിവയ്ക്കായി പോസ്റ്റ് ഓഫീസുകൾ പോയിന്റ് ഓഫ് സെയിൽ (പി.ഒ.എസ്) ആയിട്ടാകും പ്രവർത്തിക്കുക.

## International

- അടുത്തിടെ ടെക്നോളജി പ്രോസ്പെരിറ്റി ഡീലിൽ യു.കെയുമായി ഒപ്പുവെച്ച രാജ്യം

**യു.എസ്.എ**

- ❖ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമറുമാണ് കരാറിൽ ഒപ്പുവെച്ചത്

- അടുത്തിടെ ചൈനയിൽ വീശിയ കൊടുങ്കാറ്റ്

  **തപ**

## Space

- എസ്.എസ്.എൽ.വി റോക്കറ്റ് നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന് കൈമാറി
  - റോക്കറ്റിന്റെ നിർമ്മാണം, വിക്ഷേപണം, മറ്റ് രാജ്യങ്ങൾക്കടക്കം വിൽപ്പന നടത്തുന്നതെല്ലാം എച്ച്.എ.എൽ-ന് കൈമാറി.
  - SSLV - **Small Satellite Launch Vehicle**

## Sports

- 2025 ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 200 മീറ്ററിൽ സ്വർണം നേടിയത്

  **നോഹ ലൈൽസ്** (യു.എസ്.എ)
  - തുടർച്ചയായി നാലാം തവണയാണ് 200 മീറ്ററിൽ സ്വർണം നേടിയത് (ഉസൈൻ ബോൾട്ടിന്റെ റെക്കോർഡിന് ഒപ്പമെത്തി)
- 2025 ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ സ്വർണ്ണം നേടിയത്

  **McLaughlin-Levrone** (യു.എസ്.എ)

## Demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച പ്രശസ്ത ബോളിവുഡ്, അസമീസ് ഗായകൻ

  **സുബീൻ ഗാർഗ്**
- 2025 സെപ്റ്റംബറിൽ അന്തരിച്ച തമിഴ് ഹാസ്യ നടൻ

  **റോബോ ശങ്കർ**
  - മാരി, സിങ്കം 3, വേലൈക്കാരൻ തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്

## Today's MCQ

1. 2025 സെപ്റ്റംബറിൽ പുറത്തുവിട്ട ഫിഫ റാങ്കിങ്ങിൽ ഒന്നാമതുള്ളത്

   (a) അർജന്റീന (b) ഫ്രാൻസ്

   (c) ബ്രസീൽ (d) സ്പെയിൻ
2. അമീബിക് മസ്തിഷ്ക ജ്വരത്തെ പ്രതിരോധിക്കാൻ രാജ്യത്ത് ആദ്യമായി ചികിത്സാ മാർഗ്ഗരേഖ പുറത്തിറക്കിയ സംസ്ഥാനം

   (a) ഒഡീഷ (b) കേരളം

   (c) തമിഴ്നാട് (d) കർണാടക

**Ans: 1. (d) 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
22-23



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 22.09.2025 & 23.09.2025

## Appointment

- ബി.സി.സി.ഐ യുടെ പുതിയ പ്രസിഡന്റ്

  **മിഥുൻ മൻഹാസ്**

  - ആഭ്യന്തര ക്രിക്കറ്റിൽ ഡൽഹി, ജമ്മു ടീമുകൾക്ക് വേണ്ടി കളിച്ചു
  - ദേശീയ ടീമിൽ കളിച്ചിട്ടില്ല.
  - ബി സി സി ഐ സെക്രട്ടറി – **ദേവജീത് സൈക്കിയ**

## Kerala

- രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ കുടുംബക്കോടതി പ്രവർത്തനം ആരംഭിച്ചത്

  **ശാസ്താംകോട്ട**

## Book and Author

- 'മാധവിക്കുട്ടി: കടലിന്റെ നിറങ്ങൾ' എന്ന ജീവചരിത്രം രചിച്ചത്

  **ഡോ. കെ. ആശ**

- ചാർലി ചാപ്ലിൻ ജീവിതവും കലയും എന്ന പുസ്തകം രചിച്ചത് – **പിജി സദാനന്ദൻ**

## Awards

- 2023-ലെ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരത്തിന് അർഹനായത്

  **മോഹൻലാൽ**

  - അടൂർ ഗോപാലകൃഷ്ണനു (2004) ശേഷം ദാദാസാഹിബ് ഫാൽക്കെ അവാർഡ് ലഭിക്കുന്ന മലയാളിയാണ് മോഹൻലാൽ.
  - രണ്ടു തവണ മികച്ച നടനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയിട്ടുണ്ട്. 2001-ൽ പത്മശ്രീ പുരസ്കാരവും 2019-ൽ പത്മഭൂഷണും ലഭിച്ചു . 2009-ൽ ഇന്ത്യൻ ടെറിട്ടോറിയൽ ആർമിയിൽ ലഫ്റ്റനന്റ് കേണൽ പദവിയും ലഭിച്ചു.
  - 6 തവണ മികച്ച നടനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം ലഭിച്ചു
  - ഇന്ത്യൻ ചലച്ചിത്രരംഗത്ത് നൽകിയ ആജീവനാന്ത സംഭാവനകളെ മാനിച്ച് ഭാരത സർക്കാർ സമ്മാനിക്കുന്ന പുരസ്കാരമാണ് ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം.
  - ഇന്ത്യൻ സിനിമയുടെ പിതാവായി വിശേഷിപ്പിക്കപ്പെടുന്ന ദാദാസാഹിബ് ഫാൽക്കെയുടെ 100-ാം ജന്മവാർഷികമായ 1969 മുതലാണ് ഈ പുരസ്കാരം നൽകിത്തുടങ്ങിയത്.
  - ആദ്യ വിജയി – **ദേവികാ റാണി** (1969)
  - 2022-ലെ പുരസ്കാരം – **മിഥുൻ ചക്രബർത്തി**
  - 2021-ലെ പുരസ്കാരം – **വഹീദ റഹ്മാൻ**

- കേരള മീഡിയ അക്കാദമിയുടെ 2024-25 ലെ ഇന്ത്യൻ മീഡിയ പേഴ്സൺ അവാർഡിന് അർഹനായത്

**രാജ്ദീപ് സർദേശായി**

  - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്കാരം
  - തിരുവനന്തപുരത്ത് നടക്കുന്ന ഇന്റർനാഷണൽ മീഡിയ ഫെസ്റ്റിവൽ ഓഫ് കേരള 2025 ഉദ്ഘാടന ചടങ്ങിൽ സമ്മാനിക്കും .
  - '2014: ദി ഇലക്ഷൻ ദാറ്റ് ചേഞ്ച്ഡ് ഇന്ത്യ' എന്ന പുസ്തകത്തിന്റെ രചയിതാവും മുതിർന്ന പത്രപ്രവർത്തകനുമാണ് രാജ്ദീപ് സർദേശായി.
  - 2008-ൽ പത്മശ്രീ പുര്സകാരം, 2002-ലെ ഗുജറാത്ത് കലാപം റിപ്പോർട്ട് ചെയ്തതിന് ഇന്റർനാഷണൽ ബ്രോഡ്കാസ്റ്റേഴ്സ് അവാർഡ്, 2007-ൽ രാംനാഥ് ഗോയങ്ക എക്സലൻസ് ഇൻ ജേണലിസം അവാർഡ്, 2014-ലെ പൊതുതെരഞ്ഞെടുപ്പ് മികച്ചരീതിയിൽ റിപ്പോർട്ട് ചെയ്തതിന് ഏഷ്യയിലെ ഏറ്റവും മികച്ച വാർത്താ അവതാരകനുള്ള 2014-ലെ ഏഷ്യൻ ടെലിവിഷൻ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

## National

- പുതുക്കിയ ജി.എസ്.ടി നിരക്ക് പ്രാബല്യത്തിൽ വന്നത്

**2025 സെപ്റ്റംബർ 22**

  - 2025 ലെ പുതിയ GST നിരക്കുകൾ: **0%, 5%, 18% & 40%**
  - 12% , 28% എന്നീ നിരക്കുകൾ ഒഴിവാക്കി

- അടുത്തിടെ വേലുനാച്ചിയാരുടെ പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ടത്

**ചെന്നൈ**

  - വീരമങ്ക എന്നറിയപ്പെടുന്ന വേലു നാച്ചിയർ ഇന്ത്യയിലെ ആദ്യത്തെ വനിതാ സ്വാതന്ത്ര്യസമര സേനാനിയായാണ് വിശേഷിപ്പിക്കപ്പെടുന്നത്
  - 1780-ൽ നടന്ന യുദ്ധത്തിൽ ബ്രിട്ടീഷ് സൈന്യത്തെ പരാജയപ്പെടുത്തി ശിവഗംഗ തിരിച്ചുപിടിച്ചു
  - $6^{th}$ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ ഭാഗ്യചിഹ്നം

**വീരമങ്കൈ** (വേലു നാച്ചിയാരോടുള്ള ആദരസൂചകമായി)

- ഏഷ്യയിലെ ആദ്യത്തെ വനിതാ ലോക്കോ പൈലറ്റായ സുരേഖ യാദവ് വിരമിക്കുന്നു

## Sports

- അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഒരു ഇന്ത്യൻ താരത്തിന്റെ ഏറ്റവും വേഗതയേറിയ സെഞ്ചറി നേടിയത്

**സ്മൃതി മന്ദാന**

  - വനിതാ ഏകദിനത്തിലെ ഏറ്റവും വേഗമേറിയ രണ്ടാമത്തെ സെഞ്ചുറി കൂടിയാണിത്.

- ഏകദിനത്തിൽ ഓസീസ് വനിതാ ടീമിനെതിരേ 300 റൺസ് സ്കോർ ചെയ്യുന്ന ആദ്യ ടീം - **ഇന്ത്യ**
    - 2025 സെപ്റ്റംബറിൽ ഓസ്ട്രേലിയൻ വനിതാ ക്രിക്കറ്റ് ടീമിനെതിരായ ഏകദിന പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യൻ ടീം ഇറങ്ങിയത് പിങ്ക് ജെഴ്സി ധരിച്ചാണ് (സ്തനാർബുദത്തിനെതിരെയുള്ള അവബോധം പകരുകയാണ് ഇതിന്റെ ലക്ഷ്യം )
- 2025 അസർബൈജാൻ ഗ്രാൻഡ്പ്രീയിൽ കിരീടം നേടിയത്

  **മാക്സ് വെർസ്റ്റപ്പൻ**
- 2025 ലോക അത്ലറ്റിക് ചാംപ്യൻഷിപ്പ് മെഡൽ ടേബിളിൽ ഒന്നാമതെത്തിയത്

  **അമേരിക്ക** (16 സ്വർണമുൾപ്പെടെ ആകെ 26 മെഡലുകൾ)
    - രണ്ടാമത് - **കെനിയ**
    - മൂന്നാമത് - **കാനഡ**
    - ഇന്ത്യക്ക് മെഡലുകളില്ല
    - വേദി - **ടോക്കിയോ** (ജപ്പാൻ)

## Today's MCQ

1. 2026-ലെ ഓസ്കാർ അവാർഡിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിം വിഭാഗത്തിൽ ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി തിരഞ്ഞെടുക്കപ്പെട്ട ചിത്രം

   (a) 12th ഫെയിൽ (b) ആടുജീവിതം

   (c) ഹോംബൗണ്ട് (d) ജവാൻ

2. അടുത്തിടെ ടെക്നോളജി പ്രോസ്പെരിറ്റി ഡീലിൽ യു.കെയുമായി ഒപ്പുവെച്ച രാജ്യം

   (a) ഇന്ത്യ (b) റഷ്യ

   (c) ചൈന (d) യു.എസ്.എ

**Ans: 1. (c) 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
24



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 24.09.2025

## Appointment

- പ്രഥമ ആർച്ചറി പ്രീമിയർ ലീഗ് ബ്രാൻഡ് അംബാസഡർ

  **രാംചരൺ**

  - വേദി - **ന്യൂഡൽഹി**

- 2025 സെപ്റ്റംബറിൽ ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ഡയറക്ടർ ജനറലായി നിയമിതനായത്

  **പ്രവീൺ കുമാർ**

- അന്താരാഷ്ട്ര നാണയ നിധിയുടെ ആദ്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി ചുമതലയേൽക്കുന്നത്

  **Dan Katz**

  - മാനേജിംഗ് ഡയറക്ടർ - **Kristalina Georgieva**
  - ഐ എം എഫ് നിലവിൽ വന്നത് - **1947**

## Kerala

- പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സ് ആരംഭിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതി

  **നോർക്ക കെയർ**

  - ഉദ്ഘാടനം - **പിണറായി വിജയൻ**
  - വിദേശത്തും ഇന്ത്യയ്ക്കകത്തുമുള്ള മലയാളി പ്രവാസികൾക്കായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.
  - പ്രവാസി മലയാളികൾക്ക് വ്യക്തിഗതമായോ കുടുംബത്തിനോ ഇൻഷുറൻസ് ആരംഭിക്കാവുന്ന താണ്

## Awards

### Ballon d'Or 2025

- മികച്ച പുരുഷ താരം - **Ousmane Dembele** (France, PSG)
- മികച്ച വനിതാ താരം - **Aitana Bonmatí** (Spain, Barcelona)
- മികച്ച പുരുഷ യുവതാരം (റെയ്മണ്ട് കോപ്പ ട്രോഫി) - **Lamine Yamal** (Spain, Barcelona)
- മികച്ച പുരുഷ ക്ലബ്ബ് - **PSG**
- മികച്ച പുരുഷ പരിശീലകൻ - **Luis Enrique** (Spain, PSG)
- മികച്ച പുരുഷ ഗോൾകീപ്പർ (യാഷിൻ ട്രോഫി) - **Gianluigi Donnarumma** (Italy, PSG)
- സോക്രട്ടീസ് അവാർഡ് - **The Xana Foundation** (Spain)
- മികച്ച പുരുഷ സ്ട്രൈക്കർ (ഗെർഡ് മുള്ളർ ട്രോഫി) - **Viktor Gyokeres**

## National

- അടുത്തിടെ ഗുജറാത്ത് തീരത്തുവെച്ച് തീപിടുത്തം ഉണ്ടായ ചരക്ക് കപ്പൽ

**PDI 1383 Haridasan**

  - സോമാലിയയിലേക്ക് പോയ കപ്പലിൽ ഗുജറാത്തിലെ പോർബന്ദർ തുറമുഖത്തിന് അടുത്തായാണ് തീപ്പിടുത്തം ഉണ്ടായത്.

- 2025 ലെ ഭാരത് ഇന്റർനാഷണൽ റൈസ് കോൺഫറൻസ് (BIRC) വേദി

**ന്യൂഡൽഹി**

- മൊറോക്കോ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രതിരോധ മന്ത്രി

**രാജ്നാഥ് സിംഗ്**

  - ആത്മനിർഭർ ഭാരത് സംരംഭത്തിന് കീഴിലുള്ള ആദ്യത്തെ ഇന്ത്യൻ പ്രതിരോധ നിർമ്മാണ പ്ലാന്റ് മൊറോക്കോയിൽ സ്ഥാപിക്കുന്നു.

## International

- വർഷങ്ങൾക്ക് ശേഷം യു .എൻ സെഷനിൽ പങ്കെടുക്കുന്ന സിറിയൻ പ്രസിഡന്റ്

**Al-Sharaa**

  - യു.എൻ ജനറൽ അസംബ്ലിയുടെ 80-ാമത് സെഷനിലാണ് പങ്കെടുക്കുന്നത്
  - 1967 ലാണ് ഇതിനുമുമ്പ് ഒരു സിറിയൻ പ്രസിഡന്റ് യു.എൻ ജനറൽ അസംബ്ലി സെഷനിൽ പങ്കെടുത്തത് .

- 2025 അന്താരാഷ്ട്ര സമാധാന ദിനത്തിന്റെ പ്രമേയം

**Act Now for a Peaceful World.**

  - അന്താരാഷ്ട്ര സമാധാന ദിനം - **സെപ്റ്റംബർ 21**
  - 2025 - **International Year of Peace and Trust**

- 2025 സെപ്റ്റംബറിൽ സ്വതന്ത്ര പാലസ്തീനെ ഔദ്യോഗികമായി അംഗീകരിച്ച രാജ്യങ്ങൾ

**യു.കെ, കാനഡ, ആസ്ട്രേലിയ, പോർച്ചുഗൽ**

- 2025 അന്താരാഷ്ട്ര ആംഗ്യഭാഷ ദിനത്തിന്റെ പ്രമേയം

**No Human Rights Without Sign Language Rights**

  - അന്താരാഷ്ട്ര ആംഗ്യഭാഷ ദിനം - **സെപ്റ്റംബർ 23**

- 2025 വനിതാ ക്രിക്കറ്റ് ലോകകപ്പ് ഔദ്യോഗിക ഗാനം

**Bring it Home**

  - ആലപിച്ചത് - **ശ്രേയ ഘോഷാൽ**
  - 2025 വനിത ക്രിക്കറ്റ് ലോകകപ്പ് വേദി - **ഇന്ത്യ** (ചില മത്സരങ്ങൾ ശ്രീലങ്കയിൽ വച്ച് നടക്കും)

## Sports

- 2025 സെപ്റ്റംബറിൽ വിരമിച്ച ജമൈക്കൻ ട്രാക്ക് ആൻഡ് ഫീൽഡ് അത്‌ലറ്റ്

**ഷെല്ലി ആൻ ഫ്രേസർ പ്രൈസ്**

- ഒളിമ്പിക്സിൽ 8 മെഡലുകൾ നേടിയിട്ടുണ്ട്. 3 സ്വർണം (2008 ബീജിംഗ് ഒളിമ്പിക്സിലും 2012 ലണ്ടൻ ഒളിമ്പിക്സിലും 2020 ടോക്കിയോ ഒളിമ്പിക്സിലും സ്വർണ്ണ മെഡൽ നേടി), 4 വെള്ളി, 1 വെങ്കലം
- 2023 ലോറൻസ് സ്പോർട്സ് വുമൺ ഓഫ് ദി ഇയർ പുരസ്കാരം ലഭിച്ചു.

## Today's MCQ

1. 2023-ലെ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരത്തിന് അർഹനായത്

   (a) രജനീകാന്ത് (b) മോഹൻലാൽ

   (c) മമ്മൂട്ടി (d) മിഥുൻ ചക്രവർത്തി

2. പുതുക്കിയ ജി.എസ്.ടി നിരക്ക് പ്രാബല്യത്തിൽ വന്നത്

   (a) 2025 സെപ്റ്റംബർ 22 (b) 2025 സെപ്റ്റംബർ 20

   (c) 2025 സെപ്റ്റംബർ 21 (d) 2025 സെപ്റ്റംബർ 19

**Ans: 1. (b) 2. (a)**


TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September 25



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 25.09.2025

## Kerala

- രാജ്ഭവൻ വിശേഷങ്ങളുമായി പുറത്തിറങ്ങുന്ന മാസിക

  **രാജഹംസം**

- കേരളത്തെ 2031-ഓടെ പുരോഗമനപരവും വികസിതവുമായ ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ, കേരള സർക്കാർ സംഘടിപ്പിക്കുന്ന സെമിനാറുകൾ

  **വിഷൻ 2031**

  - 'വിഷൻ 2031' എന്ന പേരിൽ 33 വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ സംഘടിപ്പി ക്കുകയാണ്.
  - 2031-ൽ കേരള സംസ്ഥാനം രൂപീകൃതമായിട്ട് 75 വർഷം പൂർത്തിയാകുന്നതിന്റെ പശ്ചാത്തല ത്തിലാണിത്.

- നികുതി വെട്ടിപ്പും നിയമവിരുദ്ധ വാഹന ഇറക്കുമതിയും ഉൾപ്പെടുന്ന റാക്കറ്റിനെ ലക്ഷ്യം വച്ചുള്ള കസ്റ്റംസ് നടത്തിയ ഓപ്പറേഷന്റെ പേര്

  **നുംഖോർ**

- വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് എത്തുന്ന 500-ാമത് കപ്പൽ

  **എം.എസ്.സി. വെറോണ**

  - ഇന്ത്യയിൽ ഇതുവരെ എത്തിയതിൽ ഏറ്റവും ഡ്രാഫ്റ്റ് കൂടിയ ചരക്കു കപ്പലാണിത്
  - വിഴിഞ്ഞത്തെത്തിയ ആദ്യ കപ്പൽ - **ഷെൻഹുവ 15**
  - വിഴിഞ്ഞത്തെത്തിയ ആദ്യ കണ്ടെയ്നർ ഷിപ്പ് - **സാൻഫെർണാണ്ടോ**

## Awards

- തമിഴ്നാട് സർക്കാറിന്റെ എം.എസ്. സുബ്ബലക്ഷ്മി പുരസ്കാരത്തിന് 2025-ൽ അർഹനായത്

  **കെ.ജെ. യേശുദാസ്**

  - സംഗീതരംഗത്തെ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം

## Book and Author

- ചാർലി ചാപ്ലിൻ ജീവിതവും കലയും എന്ന പുസ്തകം രചിച്ചത്

  **പി.ജി. സദാനന്ദൻ**

## National

- സമ്മോഹന്റെ രണ്ടാം പതിപ്പിന് വേദിയാകുന്നത്

  **തിരുവനന്തപുരം**

  - രാജ്യത്തെ ഏറ്റവും വലിയ ദേശീയ ഭിന്നശേഷി കലാമേളയാണിത്

- പട്ടികവർഗ (എസ്.ടി) പദവി നൽകണമെന്നും ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ കുർമലി ഭാഷയും ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് പോരാടുന്ന കർഷക സമൂഹം / വിഭാഗം

  **കുർമി**

  - ജാർഖണ്ഡിലെയും ഒഡീഷയിലെയും പശ്ചിമബംഗാളിലെയും റെയിൽവേ ഉപരോധിച്ചു
  - കുർമികൾ ജാർഖണ്ഡ്, പശ്ചിമബംഗാൾ, ഒഡീഷ , ബീഹാർ സംസ്ഥാനങ്ങളിൽ കുർമി സമൂഹം ഉണ്ട്

- പ്രധാനമന്ത്രി തറക്കല്ലിടുന്ന മഹി ബൻസ്വര ആണവ നിലയ പദ്ധതി സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **രാജസ്ഥാൻ**

## International

- സ്റ്റാച്യു ഓഫ് യൂണിയൻ എന്ന ഹനുമാൻ പ്രതിമ സ്ഥിതി ചെയ്യുന്ന രാജ്യം

  **അമേരിക്ക**

  - 2024-ൽ അനാച്ഛാദനം ചെയ്യപ്പെട്ട പ്രതിമയാണിത്
  - ടെക്സസിലെ ശ്രീ അഷ്ടലക്ഷ്മി ക്ഷേത്രത്തിലാണ് 90 അടി ഉയരമുള്ള പ്രതിമ സ്ഥിതി ചെയ്യുന്നത്

- 'ഹൈ സീസ്' ഉടമ്പടി 2026 ജനുവരി മുതൽ പ്രാബല്യത്തിൽ വരും

  - സമുദ്രങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള ആദ്യ നിയമ ഉടമ്പടിയാണിത്
  - 60 രാജ്യങ്ങളുടെ അംഗീകാരം ലഭിച്ചാൽ ഉടമ്പടി പ്രാബല്യത്തിൽ വരും
  - ഉടമ്പടി അംഗീകരിച്ച 60-ാമത് രാജ്യം - **മൊറോക്കോ**
  - കാലാവസ്ഥാ വ്യതിയാനം, അമിത മത്സ്യബന്ധനം, ആഴക്കടലിലെ ഖനനം തുടങ്ങിയ ഭീഷണികളെ ചെറുക്കുക എന്നതാണ് ഉടമ്പടിയുടെ ലക്ഷ്യം.

## Sports

- 2025 ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയത് ആഘോഷിക്കാൻ പൊതു അവധി പ്രഖ്യാപിച്ച രാജ്യം

  **ബോട്സ്വാന**

  - പുരുഷന്മാരുടെ 4 × 400 റിലേയിൽ സ്വർണം നേടിയത് ആഘോഷിക്കാനാണിത്
  - ബോട്സ്വാനയുടെ സ്വാതന്ത്ര്യദിനത്തിന്റെ തലേന്ന്, സെപ്റ്റംബർ 29-ന് പൊതു അവധി യായിരിക്കുമെന്ന് അറിയിച്ചു
  - 2025 അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 2 സ്വർണവും 1 വെങ്കലവും ഉൾപ്പെടെ 3 മെഡലുകൾ നേടി ബോട്സ്വാനാ മെഡൽ ടേബിളിൽ 5-മത് എത്തി (ഒന്നാമത് - അമേരിക്ക)

- 2025 ലേവർ കപ്പ് ജേതാക്കൾ

  **ടീം വേൾഡ്**

  - ടീം യൂറോപ്പിനെ പരാജയപ്പെടുത്തി
  - അന്താരാഷ്ട്ര ടെന്നീസിലെ പുരുഷ ടീം ടൂർണമെന്റാണ് ലേവർ കപ്പ്

## Demise

- 2025 സെപ്റ്റംബറിൽ അന്തരിച്ച ഇംഗ്ലീഷ് ക്രിക്കറ്റ് അമ്പയർ

**ഹരോൾഡ് ഡിക്കി ബേർഡ്**

- ഇന്ത്യ ആദ്യമായി ചാമ്പ്യന്മാരായ 1983-ലേതുൾപ്പെടെ മൂന്ന് ലോകകപ്പുകൾ നിയന്ത്രിച്ച അമ്പയറാണ് ബേർഡ്

## Today's MCQ

1. പ്രഥമ ആർച്ചറി പ്രീമിയർ ലീഗ് ബ്രാൻഡ് അംബാസഡർ

(a) പ്രഭാസ് (b) രൺവീർ കപൂർ

(c) രാംചരൺ (d) ഷാരൂഖ് ഖാൻ

2. അന്താരാഷ്ട്ര നാണയ നിധിയുടെ ആദ്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി ചുമതലയേൽക്കുന്നത്

(a) Ceda Ogada (b) Dan Katz

(c) Kristalina Georgieva (d) Kenji Okamura

**Ans: 1. (c) 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
27




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 27.09.2025

## Kerala

- സഹമിത്ര എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയ ജില്ലാ ഭരണകൂടം

  **കോഴിക്കോട്**

  - ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിചരണത്തിന് രക്ഷിതാക്കളെ സഹായിക്കുക എന്നതാണ് ആപ്ലിക്കേഷന്റെ ലക്ഷ്യം
- 2024 ലെ കരട് കേരള പബ്ലിക് സർവീസ് റൈറ്റ് ബിൽ സംസ്ഥാന മന്ത്രിസഭ അംഗീകരിച്ചു.
  - പൊതുസേവനങ്ങൾ സമയബന്ധിതമായി നൽകുന്നത് നിയമപരമായ അവകാശമാക്കാൻ ശ്രമിക്കുന്ന താണ് ബില്ല്
  - നിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്ത സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാൻ അർഹതയുള്ള ഓരോ വ്യക്തിക്കും അവകാശമുണ്ടായിരിക്കും
  - സെക്ഷൻ 6 പ്രകാരം 'എല്ലാ പൊതു അധികാരികളും... എല്ലാ പൊതു സേവനങ്ങളും ഇലക്ട്രോണിക് മോഡ് വഴി ഒരു വിജ്ഞാപനം ചെയ്ത കാലയളവിനുള്ളിൽ നൽകണം
  - കാലയളവിനുള്ളിൽ സേവനങ്ങൾ നൽകിയില്ലെങ്കിൽ 15000 രൂപ വരെ പിഴ ഈടാക്കും.
- ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ മുഖ്യമന്ത്രി നേരിട്ടുകേട്ട് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി

  **മുഖ്യമന്ത്രി എന്നോടൊപ്പം** (സി.എം വിത്ത് മി)

## Award

- **വയോസേവന പുരസ്കാരങ്ങൾ 2025**
  - ആജീവനാന്ത സംഭാവനയ്ക്കുള്ള പുരസ്കാരം - **ഷീല** (ചലച്ചിത്ര നടി)

    **പി. കെ. മേദിനി** (ഗായിക)
  - പുരസ്കാര തുക - **ഒരു ലക്ഷം രൂപ**
  - വയോജനക്ഷേമ പ്രവർത്തനങ്ങളിലെ മികവുറ്റ സംഭാവനകൾക്ക് വയോജന കമ്മീഷൻ അംഗം കൂടിയായ അമരവിള രാമകൃഷ്ണനെ പ്രത്യേക ആദരത്തിന് തിരഞ്ഞെടുത്തു
  - മികച്ച കോർപ്പറേഷൻ - **കൊച്ചി കോർപ്പറേഷൻ**
  - മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം - **കാസർഗോഡ്**
  - മികച്ച മുനിസിപ്പാലിറ്റി - **നെടുമങ്ങാട്**
  - മികച്ച ബ്ലോക്ക് പഞ്ചായത്ത് - **മാനന്തവാടി**
  - മികച്ച ഗ്രാമപഞ്ചായത്ത് - **ഒളവണ്ണ**

## International

- തായ്‌വാൻ, ഹോങ്കോംഗ്, ഫിലിപ്പീൻസ്, ദക്ഷിണ ചൈന എന്നിവിടങ്ങളിൽ നാശം വിതച്ച കൊടുങ്കാറ്റ്

  **റഗാസ**

## Sports

- 2025 സുബ്രതോ കപ്പ് ജേതാക്കൾ

  **കേരളം**

  - കേരളം ആദ്യമായി സുബ്രതോ കപ്പ് കിരീടം നേടി
  - ഫൈനലിൽ കേരളത്തെ പ്രതിനിധീകരിച്ച് മൽസരിച്ച് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ, ഉത്തരാഖണ്ഡിലെ അമെനിറ്റി പബ്ലിക് സ്കൂളിനെ തോൽപിച്ചു.
  - ഒരു അന്താരാഷ്ട്ര ഇന്റർ-സ്കൂൾ ഫുട്ബോൾ ടൂർണമെന്റാണ് സുബ്രതോ കപ്പ്
  - ഇന്ത്യൻ വ്യോമസേന എയർ മാർഷൽ സുബ്രതോ മുഖർജിയുടെ പേരാണ് നൽകിയിരിക്കുന്നത്.

- അന്താരാഷ്ട്ര പുരുഷ T20 ക്രിക്കറ്റിൽ 100 വിക്കറ്റുകൾ നേടിയ ആദ്യ ഇന്ത്യൻ ബൗളർ

  **അർഷ്ദീപ് സിംഗ്**

  - അന്താരാഷ്ട്ര വനിതാ T20 ക്രിക്കറ്റിൽ 100 വിക്കറ്റുകൾ നേടിയ ആദ്യ ഇന്ത്യൻ വനിത

  **ദീപ്തി ശർമ്മ**

- 2025 പുരുഷ ഏഷ്യ കപ്പ് ക്രിക്കറ്റിന്റെ ഫൈനലിൽ ഏറ്റുമുട്ടുന്നത്

  **ഇന്ത്യ VS പാകിസ്ഥാൻ**

  - വേദി - **യു.എ.ഇ**

## Today's MCQ

1. പുനർവിവാഹിതരായ മാതാപിതാക്കളുടെ ആദ്യവിവാഹത്തിലെ കുട്ടികൾക്ക് ആവശ്യമായ പരിഗണനയും കരുതലും ഉറപ്പാക്കാനായി തയ്യാറാക്കിയ പദ്ധതി

   (a) താലോലം (b) സ്നേഹസ്പർശം
   (c) സുരക്ഷാമിത്ര (d) അൻപ് കരങ്ങൾ

2. നാഷണൽ ജിയോഗ്രഫി അന്താരാഷ്ട്ര മാഗസിൻ 2025 ഒക്ടോബർ എഡിഷന്റെ കവർ ചിത്രമായ കറുത്ത കടുവ കാണപ്പെട്ട കടുവ സങ്കേതം

   (a) ബന്ദിപ്പൂർ കടുവ സങ്കേതം (b) ഇന്ദ്രാവതി കടുവ സങ്കേതം
   (c) ഭദ്ര കടുവ സങ്കേതം (d) സിമിലിപാൽ കടുവ സങ്കേതം

**Ans: 1. (c) 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
27



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 27.09.2025

## Kerala

- സഹമിത്ര എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയ ജില്ലാ ഭരണകൂടം

  **കോഴിക്കോട്**

  - ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിചരണത്തിന് രക്ഷിതാക്കളെ സഹായിക്കുക എന്നതാണ് ആപ്ലിക്കേഷന്റെ ലക്ഷ്യം
- 2024 ലെ കരട് കേരള പബ്ലിക് സർവീസ് റൈറ്റ് ബിൽ സംസ്ഥാന മന്ത്രിസഭ അംഗീകരിച്ചു.
  - പൊതുസേവനങ്ങൾ സമയബന്ധിതമായി നൽകുന്നത് നിയമപരമായ അവകാശമാക്കാൻ ശ്രമിക്കുന്നതാണ് ബില്ല്
  - നിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്ത സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാൻ അർഹതയുള്ള ഓരോ വ്യക്തിക്കും അവകാശമുണ്ടായിരിക്കും
  - സെക്ഷൻ 6 പ്രകാരം 'എല്ലാ പൊതു അധികാരികളും... എല്ലാ പൊതു സേവനങ്ങളും ഇലക്ട്രോണിക് മോഡ് വഴി ഒരു വിജ്ഞാപനം ചെയ്ത കാലയളവിനുള്ളിൽ നൽകണം
  - കാലയളവിനുള്ളിൽ സേവനങ്ങൾ നൽകിയില്ലെങ്കിൽ 15000 രൂപ വരെ പിഴ ഈടാക്കും.
- ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ മുഖ്യമന്ത്രി നേരിട്ടുകേട്ട് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി

  **മുഖ്യമന്ത്രി എന്നോടൊപ്പം** (സി.എം വിത്ത് മി)

## Award

- **വയോസേവന പുരസ്കാരങ്ങൾ 2025**
  - ആജീവനാന്ത സംഭാവനയ്ക്കുള്ള പുരസ്കാരം - **ഷീല** (ചലച്ചിത്ര നടി)

    **പി. കെ. മേദിനി** (ഗായിക)
  - പുരസ്കാര തുക - **ഒരു ലക്ഷം രൂപ**
  - വയോജനക്ഷേമ പ്രവർത്തനങ്ങളിലെ മികവുറ്റ സംഭാവനകൾക്ക് വയോജന കമ്മീഷൻ അംഗം കൂടിയായ അമരവിള രാമകൃഷ്ണനെ പ്രത്യേക ആദരത്തിന് തിരഞ്ഞെടുത്തു
  - മികച്ച കോർപ്പറേഷൻ - **കൊച്ചി കോർപ്പറേഷൻ**
  - മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം - **കാസർഗോഡ്**
  - മികച്ച മുനിസിപ്പാലിറ്റി - **നെടുമങ്ങാട്**
  - മികച്ച ബ്ലോക്ക് പഞ്ചായത്ത് - **മാനന്തവാടി**
  - മികച്ച ഗ്രാമപഞ്ചായത്ത് - **ഒളവണ്ണ**

## International

- തായ്‌വാൻ, ഹോങ്കോംഗ്, ഫിലിപ്പീൻസ്, ദക്ഷിണ ചൈന എന്നിവിടങ്ങളിൽ നാശം വിതച്ച കൊടുങ്കാറ്റ്

  **റഗാസ**

## Sports

- 2025 സുബ്രതോ കപ്പ് ജേതാക്കൾ

  **കേരളം**

  - കേരളം ആദ്യമായി സുബ്രതോ കപ്പ് കിരീടം നേടി
  - ഫൈനലിൽ കേരളത്തെ പ്രതിനിധീകരിച്ച് മൽസരിച്ച് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ, ഉത്തരാഖണ്ഡിലെ അമെനിറ്റി പബ്ലിക് സ്കൂളിനെ തോൽപിച്ചു.
  - ഒരു അന്താരാഷ്ട്ര ഇന്റർ-സ്കൂൾ ഫുട്ബോൾ ടൂർണമെന്റാണ് സുബ്രതോ കപ്പ്
  - ഇന്ത്യൻ വ്യോമസേന എയർ മാർഷൽ സുബ്രതോ മുഖർജിയുടെ പേരാണ് നൽകിയിരിക്കുന്നത്.

- അന്താരാഷ്ട്ര പുരുഷ T20 ക്രിക്കറ്റിൽ 100 വിക്കറ്റുകൾ നേടിയ ആദ്യ ഇന്ത്യൻ ബൗളർ

  **അർഷ്ദീപ് സിംഗ്**

  - അന്താരാഷ്ട്ര വനിതാ T20 ക്രിക്കറ്റിൽ 100 വിക്കറ്റുകൾ നേടിയ ആദ്യ ഇന്ത്യൻ വനിത

    **ദീപ്തി ശർമ്മ**

- 2025 പുരുഷ ഏഷ്യ കപ്പ് ക്രിക്കറ്റിന്റെ ഫൈനലിൽ ഏറ്റുമുട്ടുന്നത്

  **ഇന്ത്യ VS പാകിസ്ഥാൻ**

  - വേദി - **യു.എ.ഇ**

## Today's MCQ

1. പുനർവിവാഹിതരായ മാതാപിതാക്കളുടെ ആദ്യവിവാഹത്തിലെ കുട്ടികൾക്ക് ആവശ്യമായ പരിഗണനയും കരുതലും ഉറപ്പാക്കാനായി തയ്യാറാക്കിയ പദ്ധതി

   (a) താലോലം (b) സ്നേഹസ്പർശം

   (c) സുരക്ഷാമിത്ര (d) അൻപ് കരങ്ങൾ

2. നാഷണൽ ജിയോഗ്രഫി അന്താരാഷ്ട്ര മാഗസിൻ 2025 ഒക്ടോബർ എഡിഷന്റെ കവർ ചിത്രമായ കറുത്ത കടുവ കാണപ്പെട്ട കടുവ സങ്കേതം

   (a) ബന്ദിപ്പൂർ കടുവ സങ്കേതം (b) ഇന്ദ്രാവതി കടുവ സങ്കേതം

   (c) ഭദ്ര കടുവ സങ്കേതം (d) സിമിലിപാൽ കടുവ സങ്കേതം

**Ans: 1. (c) 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
28



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 28.09.2025

## Award

- 2025 ബുക്കർ പ്രൈസിലേക്ക് ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഇന്ത്യൻ എഴുത്തുകാരി

  **കിരൺ ദേശായി**

  - കൃതി - **The Loneliness of Sonia and Sunny**
  - 2006-ൽ 'ദി ഇൻഹെറിറ്റൻസ് ഓഫ് ലോസ്' എന്ന കൃതിയിലൂടെ ബുക്കർ സമ്മാനം ലഭിച്ചിരുന്നു
  - 2015-ൽ, ഇക്കണോമിക് ടൈംസിന്റെ ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള 20 ഇന്ത്യൻ വനിതകളിൽ ഒരാളായിരുന്നു കിരൺ ദേശായി
  - ഇംഗ്ലീഷിൽ എഴുതപ്പെട്ടതും യുകെയിലോ അയർലണ്ടിലോ അല്ലെങ്കിൽ രണ്ടിടത്തുമോ പ്രസിദ്ധീകരിച്ചതും ആയിട്ടുള്ള നോവലുകളാണ് ബുക്കർ പ്രൈസിൽ പരിഗണിക്കുന്നത്
  - 2024 ജേതാവ് - **സാമന്ത ഹാർവി** (കൃതി - **ഓർബിറ്റൽ**)

- 2025-ൽ എൻ.കെ ദേശം അവാർഡിന് അർഹനായത്

  **വി.മധുസൂദനൻ നായർ**

  - മലയാള കവിതയ്ക്കും ഭാഷയ്ക്കും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം നൽകിയത്

## National

- അടുത്തിടെ ദേശീയ സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട കാലാവസ്ഥ പ്രവർത്തകൻ

  **സോനം വാങ്ചുക്ക്**

  - കേന്ദ്രഭരണ പ്രദേശമായ ലഡാക്കിന് സംസ്ഥാന പദവിയും ആറാം ഷെഡ്യൂൾ പദവിയും ആവശ്യപ്പെട്ട് ബഹുജന പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ വ്യക്തിയാണ് സോനം വാങ്ചുക്ക്
  - ഇതേ തുടർന്ന് ലേയിലെ ഇന്റർനെറ്റ് സേവനങ്ങൾ താൽക്കാലികമായി നിർത്തിവച്ചു.
  - ലേ അപെക്സ് ബോഡി (LAB) അംഗമാണ് അദ്ദേഹം

- ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാന്റെ കാലാവധി നീട്ടി
  - 2026 മെയ് വരെയാണ് നീട്ടിയിരിക്കുന്നത്. 2022 സെപ്റ്റംബറിൽ ആണ് അദ്ദേഹം ഇന്ത്യയുടെ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ആയി നിയമിതനായത്

## International

- 2025 ലോക വിനോദസഞ്ചാര ദിനത്തിന്റെ പ്രമേയം

  **Tourism and Sustainable Transformation**

  - ലോക വിനോദസഞ്ചാര ദിനം - **സെപ്റ്റംബർ 27**

- അടുത്തിടെ വിദേശ ബ്രാൻഡ് മരുന്നുകൾക്ക് 100% തീരുവ പ്രഖ്യാപിച്ച രാജ്യം

  **യു.എസ്.എ**

  - വിദേശത്തുനിന്ന് പേറ്റന്റ് നേടിയ മരുന്നുകൾക്കും ഇത് ബാധകമാണ് എന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു

## International

- 2025 ലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയുടെ പ്രശസ്തമായ ലോകത്തിലെ മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയ ഇന്ത്യൻ വംശജൻ

  **അജിത്ത് എബ്രഹാം**

- അടുത്തിടെ അഞ്ചു വർഷത്തെ തടവ് ശിക്ഷയ്ക്ക് വിധേയനാക്കപ്പെട്ട മുൻ ഫ്രഞ്ച് പ്രസിഡന്റ്

  **നിക്കോളാസ് സർക്കോസി**

  - ക്രിമിനൽ ഗൂഢാലോചന കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ശിക്ഷ വിധിച്ചത്. അന്തരിച്ച ലിബിയൻ നേതാവ് കേണൽ മുഅമ്മർ ഗദ്ദാഫിയിൽ നിന്ന് ദശലക്ഷക്കണക്കിന് യൂറോയുടെ അനധികൃത ഫണ്ട് കൈമാറ്റം ചെയ്തതുമായി ബന്ധപ്പെട്ടായിരുന്നു കേസ്.

## Defence

- 2025 സെപ്റ്റംബറിൽ ഇന്ത്യൻ സേനയിൽ നിന്ന് ഡീകമ്മിഷൻ ചെയ്ത പോർവിമാനങ്ങൾ

  **മിഗ് 21**

  - 1963 സോവിയറ്റ് യൂണിയനിൽ നിന്നും ആണ് മിക്കോയാൻ ഗുരെവിച്ച് മിഗ് 21 ഇന്ത്യ വാങ്ങിയത്
  - പിന്നീട് റഷ്യൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിലും ഇന്ത്യ വിമാനം നിർമിച്ചു.

- അടുത്തിടെ റെയിൽ അധിഷ്ഠിത ലോഞ്ചറിൽ നിന്ന് ഇന്ത്യ വിജയകരമായി പരീക്ഷിച്ച മിസൈൽ

  **അഗ്നി പ്രൈം മിസൈൽ**

  - 2,000 കിലോമീറ്റർ വരെ ദൂരപരിധിയിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്

## Sports

- 2026 ഫിഫ ഫുട്ബോൾ ലോകകപ്പിന്റെ ഭാഗ്യചിഹ്നം

  **ക്ലച്ച്, സായു, മേപ്പിൾ**

  - ക്ലച്ച് - ബാൽഡ് ഈഗിൾ (യു.എസ്.എ), സായു - ജാഗ്വാർ (മെക്സിക്കോ), മേപ്പിൾ - മൂസ് (കാനഡ)
  - വേദി - **യുഎസ്.എ. മെക്സിക്കോ , കാനഡ**

## Today's MCQ

1. 2025 സുബ്രതോ കപ്പ് ജേതാക്കൾ

   (a) കേരളം (b) തമിഴ്നാട്

   (c) ഉത്തരാഖണ്ഡ് (d) ഒഡീഷ

2. അന്താരാഷ്ട്ര പുരുഷ T20 ക്രിക്കറ്റിൽ 100 വിക്കറ്റുകൾ നേടിയ ആദ്യ ഇന്ത്യൻ ബൗളർ

   (a) കുൽദീപ് യാദവ് (b) യുസ്‌വേന്ദ്ര ചഹൽ

   (c) അർഷ്ദീപ് സിംഗ് (d) ജസ്പ്രീത് ബുംറ

**Ans: 1. (a) 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

September
29-30



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 29.09.2025 TO 30.09.2025

## Important event

- ലോക ഹൃദയ ദിനം - **സെപ്റ്റംബർ 29**
  - ഹൃദയത്തിന്റെ ആരോഗ്യത്തെക്കുറിച്ച് ആഗോളതലത്തിൽ അവബോധം വളർത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് എല്ലാ വർഷവും സെപ്റ്റംബർ 29 ലോക ഹൃദയ ദിനം ആയി ആചരിക്കുന്നു
  - 2025 പ്രമേയം - **Don't Miss a Beat**

## Appointment

- വനിതാ പ്രീമിയർ ലീഗിന്റെ ആദ്യ ചെയർമാനായി നിയമിതനായത്

  **ജയേഷ് ജോർജ്**
  - കേരള ക്രിക്കറ്റ് അസോസിയേഷന്റെ (കെ.സി.എ) നിലവിലെ പ്രസിഡന്റാണ് അദ്ദേഹം
  - 2019 ൽ, ബി.സി.സി.ഐ.യുടെ ജോയിന്റ് സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു.
- ഇന്ത്യയുടെ അറ്റോണി ജനറൽ

  **ആർ. വെങ്കിട്ടരമണി**
  - 2025 ഒക്ടോബർ മുതൽ രണ്ട് വർഷത്തേക്ക് കൂടി കാലാവധി നീട്ടി.
  - 2022 സെപ്റ്റംബറിൽ ആണ് ആദ്യം അദ്ദേഹം നിയമിതനായത്
- 2025 സെപ്റ്റംബറിൽ ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യ (ബി.എസ്.ഐ) യുടെ പുതിയ ഡയറക്ടറായി നിയമിതനായത്

  **കനദ് ദാസ്**
  - ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ആവുന്ന ആദ്യ മൈക്കോളജിസ്റ്റാണ് കനദ് ദാസ്

## Kerala

- കഥകളി പഠനം ആരംഭിച്ച ആദ്യ മുസ്ലിം പെൺകുട്ടി

  **സാബ്രി**
  - സാബ്രി തന്റെ അരങ്ങേറ്റത്തിന് ഒരുങ്ങുകയാണ്
  - കലാമണ്ഡലം ഗോപിയുടെ ശിഷ്യയായി 2023 ലാണ് കലാമണ്ഡലത്തിൽ സാബ്രി കഥകളി പഠനം ആരംഭിച്ചത്

## Award

- യു.എൻ.ഇ.പി യംഗ് ചാമ്പ്യൻസ് ഓഫ് ദി എർത്ത് 2025 പുരസ്കാരം നേടിയ ഇന്ത്യക്കാരി

**ജിനാലി പ്രണബ് മോദി**

  - Banofi Leather-ന്റെ സ്ഥാപക
  - പരിസ്ഥിതി സംരക്ഷിക്കുന്നതിനും പുന:സ്ഥാപിക്കുന്നതിനുമുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന യുവാക്കൾക്ക് നൽകുന്ന അവാർഡ് ആണിത്

## Space

- നാസയും ഐ.എസ്.ആർ.ഒ.യും സംയുക്തമായി വിക്ഷേപിച്ച ഭൗമനിരീക്ഷണ ഉപഗ്രഹം

**നിസാർ** (നാസ ഐ.എസ്.ആർ.ഒ. സിന്തറ്റിക് അപ്പർച്ചർ റഡാർ)

  - വിക്ഷേപിച്ചത് - **2025 ജൂലൈ 30**
  - ഉപഗ്രഹത്തിലെ റഡാർ ക്യാമറകൾ പകർത്തിയ ചിത്രങ്ങൾ പുറത്തുവന്നിരിക്കുകയാണ്
  - അമേരിക്കയിലെ മെയ്നി തീരപ്രദേശവും നോർത്ത് ഡകോട്ട, വെയ്ൽസ് രാജ്യങ്ങൾ എന്നിവയുമാണ് ക്യാമറകൾ പകർത്തിയത്.
  - ചിത്രത്തിലെ ഇരുണ്ട ഭാഗം ജലത്തെയും പച്ചഭാഗം വനത്തെയും ഇളം ചുവപ്പ് ഭാഗം വെറുതെ കിടക്കുന്നത് കെട്ടിടങ്ങൾ ഉള്ളതോ ആയ സ്ഥലങ്ങളുമാണ് അടയാളപ്പെടുത്തുന്നത്
  - ദുരന്തപ്രതികരണം, ഭൗമോപരിതലത്തിലെ അടിസ്ഥാനസൗകര്യങ്ങളുടെ നിരീക്ഷണം, കാർഷിക ആസൂത്രണം തുടങ്ങിയവയ്ക്ക് സഹായകരമാവുന്ന തരത്തിലാണ് ഉപഗ്രഹം പ്രവർത്തിക്കുന്നത്

## Science and Technology

- അടുത്തിടെ കേരളത്തിൽ നിന്നും കണ്ടെത്തിയ പുതിയ ഇനം ആന്റ്ലിയോൺ സ്പീഷ്യസുകൾ

**ഇൻഡോഫെൻസ് കേരളാൻസിസ്, ഇൻഡോഫെൻസ് സഹ്യാദ്രിയൻസിസ്**

  - പാലക്കാട് ജില്ലയിലെ സൈലന്റ്വാലി, ശിരുവാണി എന്നീ വനമേഖലകളിൽ നിന്നും ഇടുക്കിയിലെ പാമ്പാടും ഷോല ദേശീയ ഉദ്യാനത്തിൽ നിന്നുമാണ് കണ്ടെത്തിയത്

## National

- അടുത്തിടെ കൃത്രിമ മഴ പരീക്ഷണങ്ങൾക്കായി ഡൽഹി സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പു വച്ചത്

**ഐ. ഐ.ടി. കാൺപൂർ**

  - വർദ്ധിച്ചുവരുന്ന വായു മലിനീകരണം തടയുന്നതിനുള്ള അടിയന്തര നടപടി ആയിട്ടാണ് പരീക്ഷണങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്

- 2025 ലെ അന്താരാഷ്ട്ര എമ്മി അവാർഡുകളിൽ മികച്ച നടനുള്ള അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ട ഇന്ത്യൻ ചലച്ചിത്ര നടൻ

**ദിൽജിത് ദോസഞ്ജ്**

  - 'അമർ സിംഗ് ചംകില' എന്ന ചിത്രത്തിലെ അഭിനയത്തിലൂടെയാണ് ഈ പുരസ്കാരത്തിലേക്ക് നാമം നിർദ്ദേശം ചെയ്യപ്പെട്ടത്

## Sports

- **2025 ഏഷ്യ കപ്പ് ക്രിക്കറ്റ്**
  - ജേതാക്കൾ - **ഇന്ത്യ** (ക്യാപ്റ്റൻ - സൂര്യകുമാർ യാദവ്)
    (ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യയുടെ ഒമ്പതാമത് കിരീടം)
  - റണ്ണറപ്പ് - **പാക്കിസ്ഥാൻ** (ക്യാപ്റ്റൻ - സൽമാൻ ആഗ)
  - മാൻ ഓഫ് ദി മാച്ച് - **തിലക് വർമ്മ** (53 പന്തിൽ 69 റൺസ് )
  - ടൂർണമെന്റിലെ താരം - **അഭിഷേക് ശർമ** (ഏറ്റവും കൂടുതൽ റൺസ്, 314 റൺസ്)
  - കൂടുതൽ വിക്കറ്റ് - **കുൽദീപ് യാദവ്**
  - ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ ചെയർമാനും പാകിസ്ഥാൻ മന്ത്രിയുമായ മൊഹ്സിൻ നഖ്വിയിൽ നിന്ന് കിരീടം സ്വീകരിക്കാൻ ഇന്ത്യ വിസമ്മതിച്ചു
  - വേദി - **യു.എ.ഇ**

## Today's MCQ

1. 2026 ഫിഫ ഫുട്ബോൾ ലോകകപ്പിന്റെ ഭാഗ്യചിഹ്നങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?
   (a) ക്ലച്ച് (b) മേപ്പിൾ
   (c) ഷേരു (d) സായു
2. 2025 ബുക്കർ പ്രൈസിലേക്ക് ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഇന്ത്യൻ എഴുത്തുകാരി
   (a) അരുന്ധതി റോയ് (b) കിരൺ ദേശായി
   (c) അനിത ദേശായി (d) ജുംപ ലാഹിരി

**Ans: 1. (c) 2. (b)**